No/450/2022/SRG/LSGD(CC)(2)

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ന നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്.

യോഗം രാവിലെ 11.00 മണിക്ക് സെക്രട്ടറിയേറ്റ് അനക്സ് 2 ലെ ലയം ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പങ്കെടുത്തവരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

### 1. പദ്ധതി അവലോകനം

ഈ വർഷത്തെ പദ്ധതി സമർപ്പിക്കേണ്ട അവസാന തീയതി 27.07.2022 ആണ്. അടിയന്തിര പ്രാധാന്യമുള്ള പ്രോജക്ടുകളുടെ നിർവ്വഹണം ഏപ്രിൽ ഒന്നു മുതൽ ആരംഭിക്കുന്നതിന് ക്രമീകരണം ചെയ്തിരുന്നു. ഇതു വഴി ഇന്നു വരെ വികസന ഫണ്ടിൽ ആകെ 407 കോടി രൂപ ചെലവഴിച്ചു. ആകെ ചെലവ് 6 ശതമാനം. ഇതിൽ ജനറൽ വിഭാഗത്തിൽ 6.89 ശതമാനവും റ്റി.എസ്.പിയിൽ 5.95 ശതമാനവും എസ്.സി.പിയിൽ 5.83 ശതമാനവും ധനകാര്യകമ്മീഷൻ വിഹിതത്തിൽ 4.16 ശതമാനവുമാണ് ചെലവ്.

**2022 – 23 പദ്ധതി സമർപ്പിച്ച തദ്ദേശഭരണസ്ഥാപനങ്ങളുടെ വിവരം (27.07.2022 രാവിലെ 10 മണി വരെ)**

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്തുകൾ | | ബ്ലോക്ക് പഞ്ചായത്തുകൾ | | ജില്ലാ പഞ്ചായത്തുകൾ | | മുനിസിപ്പാലിറ്റികൾ | | കോർപ്പറേഷനുകൾ | | ആകെ | | ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആകെ ഗ്രാ.പ. | പദ്ധതി സമർപ്പിച്ചത് | ആകെ ബ്ലോ.പ. | പദ്ധതി സമർപ്പിച്ചത് | ആകെ ജി.പ. | പദ്ധതി സമർപ്പിച്ചത് | ആകെ മുനി. | പദ്ധതി സമർപ്പിച്ചത് | ആകെ കോർ. | പദ്ധതി സമർപ്പിച്ചത് | ത.സ്വ.ഭ.വ എണ്ണം | പദ്ധതി സമർപ്പിച്ചത് | |
| 1 | തിരുവനന്തപുരം | 73 | 39 | 11 | 7 | 1 | 1 | 4 | 2 | 1 | 1 | 90 | 50 | 56 |
| 2 | കൊല്ലം | 68 | 56 | 11 | 11 | 1 | 1 | 4 | 1 | 1 | – | 85 | 69 | 81 |
| 3 | പത്തനംതിട്ട | 53 | 34 | 8 | 8 | 1 | | 4 | 2 | – | – | 66 | 44 | 67 |
| 4 | ആലപ്പുഴ | 72 | 53 | 12 | 12 | 1 | | 6 | 2 | – | – | 91 | 67 | 73 |
| 5 | കോട്ടയം | 71 | 31 | 11 | 11 | 1 | | 6 | 1 | – | – | 89 | 43 | 48 |
| 6 | ഇടുക്കി | 52 | 36 | 8 | 8 | 1 | 1 | 2 | – | – | – | 63 | 45 | 71 |
| 7 | എറണാകുളം | 82 | 17 | 14 | 11 | 1 | | 13 | 5 | 1 | – | 111 | 33 | 30 |
| 8 | തൃശ്ശൂർ | 86 | 79 | 16 | 15 | 1 | 1 | 7 | 5 | 1 | – | 111 | 101 | 91 |
| 9 | പാലക്കാട് | 88 | 47 | 13 | 9 | 1 | 1 | 7 | 1 | – | – | 109 | 58 | 53 |
| 10 | മലപ്പുറം | 94 | 32 | 15 | 8 | 1 | | 12 | – | – | – | 122 | 40 | 33 |
| 11 | കോഴിക്കോട് | 70 | 69 | 12 | 12 | 1 | 1 | 7 | 5 | 1 | – | 91 | 87 | 97 |
| 12 | വയനാട് | 23 | 6 | 4 | 2 | 1 | 1 | 3 | 1 | – | – | 31 | 10 | 32 |
| 13 | കണ്ണൂർ | 71 | 71 | 11 | 10 | 1 | 1 | 9 | 8 | 1 | – | 93 | 90 | 97 |
| 14 | കാസർഗോഡ് | 38 | 25 | 6 | 5 | 1 | | 3 | 1 | – | – | 48 | 3 | 65 |
| | **ആകെ** | **941** | **595** | **152** | **130** | **14** | **8** | **87** | **34** | **6** | **1** | **1200** | **768** | **64** |

2022-23 പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക നടപടികൾ പൂർത്തിയാക്കാത്ത തദ്ദേശഭരണസ്ഥാപനങ്ങളുടെ വിവരം സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് വികേന്ദ്രീകൃതാസൂത്രണം ഡിവിഷൻ ചീഫ് നൽകി. വിശദാംശം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കാത്ത തദ്ദേശഭരണസ്ഥാപനം | പുറമറ്റം ഗ്രാമപഞ്ചായത്ത് |
| 2 | വികസനരേഖ തയ്യാറാക്കാത്ത തദ്ദേശഭരണസ്ഥാപനങ്ങൾ | 1) പുറമറ്റം ഗ്രാമപഞ്ചായത്ത്<br>2) മുന്നിയൂർ ഗ്രാമപഞ്ചായത്ത്<br>3) വളാഞ്ചേരി മുനിസിപ്പാലിറ്റി<br>4) പത്തനംതിട്ട ജില്ലാപഞ്ചായത്ത്<br>5) മലപ്പുറം ജില്ലാ പഞ്ചായത്ത് |
| 3 | വികസന സെമിനാർ നടത്താത്ത തദ്ദേശഭരണസ്ഥാപനങ്ങൾ | 1) പുറമറ്റം ഗ്രാമപഞ്ചായത്ത്<br>2) പാലമേൽ ഗ്രാമപഞ്ചായത്ത്<br>3) എടത്തല ഗ്രാമപഞ്ചായത്ത്<br>4) ആനക്കര ഗ്രാമപഞ്ചായത്ത്<br>5) വണ്ടൂർ ഗ്രാമപഞ്ചായത്ത്<br>6) കൂത്താട്ടുകുളം മുനിസിപ്പാലിറ്റി<br>7) പത്തനംതിട്ട ജില്ലാ പഞ്ചായത്ത് |

ഈ തദ്ദേശഭരണസ്ഥാപനങ്ങളുടെ യോഗം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ വിളിച്ചു ചേർക്കാനും 2022-23 വാർഷിക പദ്ധതി എത്രയും വേഗം സമർപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്താനും യോഗം നിർദ്ദേശിച്ചു. ഇതിന്മേൽ സ്വീകരിച്ച നടപടി വകുപ്പ് മേധാവികൾ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നൽകണം.

2021-22 വർഷം 19 തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 70 ശതമാനത്തിൽ താഴെയാണ്. 72 തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ചെലവ് ശതമാനം 70 നും 80 നു മിടയ്ക്കാണ്. ഈ തദ്ദേശഭരണസ്ഥാപനങ്ങളുടെ (ആകെ 91) കഴിഞ്ഞ വർഷത്തെ പദ്ധതി നിർവ്വഹണം പ്രത്യേകം അവലോകനം ചെയ്യാൻ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവരെ 02.06.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ചുമതലപ്പെടുത്തിയിരുന്നു. പദ്ധതി ചെലവു കുറയാനുള്ള കാരണം, ഈ വർഷം പദ്ധതി ചെലവ് മെച്ചപ്പെടുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെ എന്നിവ സംബന്ധിച്ച വകുപ്പ് മേധാവികൾ റിപ്പോർട്ട് ചെയ്തു. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാനും മികച്ച പദ്ധതി ചെലവ് കൈവരിക്കാനുമുള്ള നിർദ്ദേശം ഓരോ തദ്ദേശഭരണസ്ഥാപനത്തിനും നൽകിയിട്ടുണ്ടെന്ന് വകുപ്പ് മേധാവികൾ അറിയിച്ചു.

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 . 14.09.2021 –ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ.

### 2.1. ഖണ്ഡിക 3.7

തദ്ദേശഭരണസ്ഥാപനങ്ങൾ KSEB, KWA, GWD, നിർമ്മിതികേന്ദ്ര പോലുള്ള സ്ഥാപനങ്ങൾ വഴി വിവിധ പ്രവർത്തികൾ ചെയ്യുന്നുണ്ട്. ഈ ഏജൻസികൾക്ക് തുക മുൻകൂറായി ഡിപ്പോസിറ്റ് ചെയ്താണ് പ്രവൃത്തി നടപ്പാക്കുന്നത്. എന്നാൽ തുക ഡിപ്പോസിറ്റ് ചെയ്തു കഴിഞ്ഞ് പലപ്പോഴും വർഷങ്ങൾ കഴിഞ്ഞാണ് പ്രവൃത്തി പൂർത്തിയാക്കുന്നത്.

2016–17 മുതൽ KWA യുടെ ഡിപ്പോസിറ്റ് പ്രവൃത്തികളിൽ പൂർത്തിയാക്കാത്തവയുടെ വിശദാംശങ്ങൾ 02.06.2022 ലെ യോഗത്തിൽ പരിശോധിച്ചിരുന്നു. KSEB യിൽ ഡിപ്പോസിറ്റ് ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ KSEB ചെയർമാൻ & മാനേജിംഗ് ഡയറക്ടർ നൽകി. ഇതു യോഗം വിശദമായി ചർച്ച ചെയ്തു. ഇതിൽ ഓരോ പ്രവൃത്തിയും പ്രത്യേകമായി പരിശോധിച്ച് 2020–21 വരെയുള്ള എല്ലാ വർക്കുകളും 2 മാസത്തിനകം പൂർത്തിയാക്കണമെന്ന് യോഗം നിർദ്ദേശിച്ചു. 2021–22 വർഷത്തെ പ്രവൃത്തികൾ എല്ലാം തന്നെ ആറുമാസത്തിനകം പൂർത്തിയാക്കണം. ഏതെങ്കിലും വർക്കുകൾ നടപ്പാക്കാൻ കഴിയില്ലായെങ്കിൽ അത് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങളെ അറിയിച്ച് ഈ തുക തദ്ദേശഭരണസ്ഥാപനത്തിന്റെ തന്നെ മറ്റു വൈദ്യുത പ്രോജക്ടുകൾക്ക് ഉപയോഗിക്കണം.

ട്രാൻസ്ഫോർമറിന്റേയും പോസ്റ്റുകളുടേയും കുറവാണ് വർക്കുകൾ നടപ്പാക്കാൻ വൈകിയതെന്ന് കെ.എസ്.ഇ.ബി പ്രതിനിധി അറിയിച്ചു. ഇപ്പോൾ ഈ പ്രശ്നം പരിഹരിച്ചതിനാൽ ഇനി കാലകാമസമുണ്ടാവുകയില്ലെന്ന് കെ.എസ്.ഇ.ബി പ്രതിനിധി അറിയിച്ചു.

**2016-17**

| ക്രമ നമ്പർ | KSEB സർക്കിളിന്റെ പേര് | പെന്റിംഗ് വർക്കുകൾ | | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| | | എണ്ണം | തുക രൂപ (ലക്ഷം) | |
| 1 | കൊല്ലം | 1 | 0.4 | തൃക്കോവിൽവട്ടം |
| 2 | എറണാകുളം | 1 | 33 | കൊച്ചി കോർപ്പറേഷൻ |
| | **ആകെ** | **2** | **33.44622** | |

**2017-18**

| ക്രമ നമ്പർ | KSEB സർക്കിളിന്റെ പേര് | പെന്റിംഗ് വർക്കുകൾ | | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| | | എണ്ണം | തുക രൂപ (ലക്ഷം) | |
| 1 | എറണാകുളം | 1 | 5.00 | കൊച്ചി കോർപ്പറേഷൻ |
| | **ആകെ** | **1** | **5.00** | |

## 2018-19

| ക്രമ നമ്പർ | KSEB സർക്കിളിന്റെ പേര് | പെന്റിംഗ് വർക്കുകൾ | | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| | | എണ്ണം | തുക രൂപ (ലക്ഷം) | |
| 1 | ആലപ്പുഴ | 1 | 7.42102 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് |
| 2 | പെരുമ്പാവൂർ | 1 | 4.99895 | ഏലൂർ ഗ്രാമപഞ്ചായത്ത് |
| 3 | നിലമ്പൂർ | 1 | 19.28 | നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് |
| | **ആകെ** | **3** | **31.69997** | |

## 2019-20

| ക്രമ നമ്പർ | KSEB സർക്കിളിന്റെ പേര് | പെന്റിംഗ് വർക്കുകൾ | | തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് |
|---|---|---|---|---|
| | | എണ്ണം | തുക രൂപ (ലക്ഷം) | |
| 1 | തിരുവനന്തപുരം | 2 | 0.895 | തിരുവനന്തപുരം കോർപ്പറേഷൻ |
| 2 | കോട്ടയം | 1 | 9.606 | ഉദയനാപുരം ഗ്രാമപഞ്ചായത്ത് |
| 3 | ആലപ്പുഴ | 4 | 175.1044 | മാരാരിക്കുളം, ചേർത്തല, ചേന്നം പള്ളിപ്പുറം ഗ്രാമ പഞ്ചായത്തുകൾ |
| 4 | എറണാകുളം | 1 | 1.33 | കൊച്ചി കോർപ്പറേഷൻ |
| 5 | തിരൂർ | 1 | 9 | – |
| 5 | കാസർകോഡ് | 2 | 23.118 | കാസർഗോഡ് മുനിസിപ്പാലിറ്റി |
| | **ആകെ** | **11** | **219.0534** | |

## 2020-21

| ക്രമ നമ്പർ | KSEB സർക്കിളിന്റെ പേര് | പെന്റിംഗ് വർക്കുകൾ | |
|---|---|---|---|
| | | എണ്ണം | തുക രൂപ (ലക്ഷം) |
| 1 | തിരുവനന്തപുരം | 11 | 27.34 |
| 3 | കൊല്ലം | 5 | 61.41 |
| 5 | പത്തനംതിട്ട | 3 | 41.7 |
| 6 | കോട്ടയം | 4 | 7.08 |
| 7 | പാല | 7 | 31.6 |
| 8 | ആല്പപുഴ | 12 | 111.43 |
| 9 | എറണാകുളം | 5 | 24.31 |
| 10 | പെരുമ്പാവൂർ | 16 | 37.51 |
| 11 | ഇരിങ്ങാലക്കുട | 6 | 45 |
| 12 | തൃശ്ശൂർ | 1 | 12.01 |
| 13 | ഹരിപ്പാട് | 2 | 26.08 |
| 16 | വടകര | 2 | 12.63 |
| 17 | തിരൂർ | 17 | 48.89 |
| 18 | നിലമ്പൂർ | 1 | 43.5 |
| 19 | മഞ്ചേരി | 1 | 24.49 |
| 20 | ഷൊർണൂർ | 1 | 151 |
| 22 | കണ്ണൂർ | 5 | 379.95 |
| 23 | കൽപ്പറ്റ | 1 | 5.99 |
| 24 | ശ്രീകണ്ഠപുരം | 1 | 7.88 |
| 25 | കാസർകോഡ് | 4 | 46.518 |
| | **ആകെ** | 105 | **1146.28** |

## 2021-22

| ക്രമ നമ്പർ | KSEB സർക്കിളിന്റെ പേര് | പെന്റിംഗ് വർക്കുകൾ | |
|---|---|---|---|
| | | എണ്ണം | തുക രൂപ (ലക്ഷം) |
| 1 | തിരുവനന്തപുരം | 61 | 167.7 |
| 2 | കാട്ടാക്കട | 38 | 58.7 |
| 3 | കൊല്ലം | - | - |
| 4 | കൊട്ടാരക്കര | 6 | 43.3 |
| 5 | പത്തനംതിട്ട | 30 | 83.6 |
| 6 | കോട്ടയം | 12 | 21.8 |
| 7 | പാല | 43 | 91.7 |
| 8 | ആലപ്പുഴ | 15 | 59.5 |
| 9 | എറണാകുളം | 21 | 58.8 |
| 10 | പെരുമ്പാവൂർ | 29 | 100.2 |
| 11 | ഇരിങ്ങാലക്കുട | 40 | 207.0 |
| 12 | തൃശ്ശൂർ | 2 | 12.7 |
| 13 | ഹരിപ്പാട് | 35 | 130.5 |
| 14 | തൊടുപുഴ | 3 | 16.2 |
| 15 | കോഴിക്കോട് | 3 | 23.6 |
| 16 | വടകര | 9 | 34.0 |
| 17 | തിരൂർ | 49 | 245.7 |
| 18 | നിലമ്പൂർ | 9 | 117.0 |
| 19 | മഞ്ചേരി | 9 | 29.4 |
| 20 | ഷൊർണൂർ | 9 | 117.0 |
| 21 | പാലക്കാട് | 25 | 69.6 |
| 22 | കണ്ണൂർ | 14 | 144.8 |
| 23 | കൽപ്പറ്റ | 5 | 69.1 |
| 24 | ശ്രീകണ്ഠപുരം | 22 | 143.9 |
| 25 | കാസർകോഡ് | 14 | 61.0 |
| | **ആകെ** | **503** | **2106.8** |

| വർഷം | പെന്റിംഗ് വർക്കുകൾ എണ്ണം | തുക (ലക്ഷം) |
|---|---|---|
| **2016-17** | **2** | **33.45** |
| **2017-18** | **1** | **5.00** |
| **2018-19** | **3** | **31.70** |
| **2019-20** | **11** | **219.053** |
| **2020-21** | **105** | **1146.28** |
| **2021-22** | **503** | **2106.8** |
| **ആകെ** | **625** | **3542.28** |

**2.2 11.03.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.2 ഖണ്ഡിക 4.51**
**മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ**
**മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) ചെയർമാന്റെ 02.02.2022 ലെ കത്ത് (SRG 212/22)**

ഇന്ത്യൻ ട്രസ്റ്റ് ആക്ട് പ്രകാരം സ്ഥാപിച്ചിട്ടുള്ള മലബാർ റൂറൽ ഡവലപ്മെന്റ് ഫൗണ്ടേഷൻ (MRDF) വിവിധ ഇനം കാലിതീറ്റകൾ, ഫാം മെഷ്യനറികൾ, ഭക്ഷ്യ ഉല്പന്നങ്ങൾ, റ്റി.എം.ആർ. (Total Mix Ration) കാലിതീറ്റ, ചാണകപ്പൊടി എന്നിവ വിതരണം ചെയ്യുന്നുണ്ട്. സ്വയം ഭക്ഷ്യ ഉല്പന്നങ്ങളും നിർമ്മിക്കുന്നുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് മുകളിൽ പറഞ്ഞവ MRDF ൽ നിന്ന് നേരിട്ട് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

MRDF-ന്റെ ഉല്പന്നങ്ങളുടെ ഗുണമേന്മയും വിലയും പരിശോധിച്ച് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് വാങ്ങാൻ പഞ്ചായത്ത് ഡയറക്ടറെ കോഓർഡിനേഷൻ കമ്മിറ്റി ചുമതലപ്പെടുത്തിയിരുന്നു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു വെങ്കിലും 02.06.2022, 26.07.2022 തീയതികളിലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിലും റിപ്പോർട്ട് ലഭിച്ചില്ല. റിപ്പോർട്ട് നൽകുന്നതിൽ ഇത്രയും കാലതാമസം ഒഴിവാക്കേണ്ടതാണെന്ന് യോഗം നിരീക്ഷിച്ചു. ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറോട് നിർദ്ദേശിക്കുന്നു.

**നടപടി:- മൃഗസംരക്ഷണവകുപ്പ് ഡയറക്ടർ**
**പഞ്ചായത്ത് ഡയറക്ടർ**
**തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**2.3 02.06.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാന പ്രകാരം നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ**

**2.3 ഖണ്ഡിക 3.7**

ചില നഗരസഭകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽ കുടുംബങ്ങൾ ഇല്ലായെങ്കിലും റ്റി.എസ്.പി വിഹിതം അനുവദിച്ചിട്ടുണ്ട് എന്ന് 02.06.2022 ലെ യോഗം വിലയിരുത്തി. 2021-22 വർഷവും ഇതേ അവസ്ഥ ഉണ്ടായിരുന്നു. വർഷാവസാനമായതിനാൽ ഈ തുക മറ്റു തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മാറ്റി നൽകാൻ കഴിഞ്ഞില്ല. പട്ടികവർഗ്ഗ വിഭാഗക്കാർ ഇല്ലാത്ത നഗരസഭകൾക്കോ ഗ്രാമപഞ്ചായത്തുകൾക്കോ ഈ വർഷം റ്റി.എസ്.പി വിഹിതം അനുവദിച്ചിട്ടുണ്ടെങ്കിൽ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറേയും പഞ്ചായത്ത് ഡയറക്ടറേയും ചുമതലപ്പെടുത്തിയ പ്രകാരം നഗരകാര്യ ഡയറക്ടറും പഞ്ചായത്ത് ഡയറക്ടറും റിപ്പോർട്ട് നൽകി. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഇല്ല എങ്കിൽ Tribal Dvelopment Officer/Tribal Extention Officer സാക്ഷ്യപ്പെടുത്തി വേണം വിശദാംശങ്ങൾ ശേഖരിക്കാൻ എന്നും നിർദ്ദേശിച്ചിരുന്നു.

റിപ്പോർട്ട് :

(i) **നഗരകാര്യ ഡയറക്ടർ** – നഗരകാര്യ ഡയറക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന നാല്യ നഗരസഭകൾക്ക് ഈ വർഷം റ്റി.എസ്.പി വിഹിതം അനുവദിച്ചിട്ടുണ്ടെങ്കിലും അവിടെ പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ല. എന്നാൽ ഇത് Tribal Extention Officer പരിശോധിച്ച സാക്ഷ്യപ്പെടുത്തിയിട്ടില്ല.

| **ക്രമ നമ്പർ** | **തദ്ദേശഭരണസ്ഥാപനത്തിന്റെ പേര്** | **ഈവർഷം അനുവദിച്ച റ്റി.എസ്.പി വിഹിതം** |
|---|---|---|
| 1 | തൃശ്ശൂർ കോർപ്പറേഷൻ | 2,81,000 രൂപ |
| 2 | കോഴിക്കോട് കോർപ്പറേഷൻ | 1,38,000 രൂപ |
| 3 | കണ്ണൂർ കോർപ്പറേഷൻ | 11,79,000 രൂപ |
| 4 | കൊയിലാണ്ടി നഗരസഭ | 2,65,000 രൂപ |

ഇത് Tribal Extention Officer കൂടി സാക്ഷ്യപ്പെടുത്തി പട്ടികവർഗ്ഗ വികസന ഡയറക്ടർ ശുപാർശ ചെയ്യുന്ന മുറയ്ക്ക് ഈ വിഹിതം മറ്റ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി ധനവകുപ്പിനു നൽകണം. ഇതിനാവശ്യമായ നടപടി നഗരകാര്യ ഡയറക്ടറും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും സ്വീകരിക്കണം.

(ii) **പഞ്ചായത്ത ഡയറക്ടർ** – റ്റി.എസ്.പി വിഹിതം ലഭിച്ചിട്ടുള്ളതും പട്ടികവർഗ്ഗ വിഭാഗക്കാരില്ലാത്തതുമായി തിക്കോടി ഗ്രാമപഞ്ചായത്തുമാത്രമാണ് ഉള്ളത്. ഈ വർഷം റ്റി.എസ്.പി ഇനത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം 6,78,000 രൂപയാണ്. ഈ ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ലായെന്ന് Tribal Extention Officer യും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞവർഷം റ്റി.എസ്.പി വിഹിതം അനുവദിച്ചിരുന്നുവെങ്കിലും പട്ടികവർഗ്ഗ കുടുംബം ഇല്ലാത്തതിനാൽ റ്റി.എസ്.പി വിഹിതം ചെലവഴിച്ചില്ല. അതിനാൽ ഈ വർഷം വികസനഫണ്ട് ജനറലിൽ 12,20,400 രൂപ കുറവു ചെയ്ത് പരിഹാര തുകയായി മാറ്റിയിട്ടുണ്ട്. അതിനാൽ വികസന ഫണ്ട് ജനറലിൽ കുറവു ചെയ്ത (പരിഹാര തുക) തിരികെ ജനറൽ ഫണ്ടിലാക്കി നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

ഇത് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ പരിശോധിച്ച് ശുപാർശ ചെയ്യുന്നമുറയ്ക്ക് ഈ വർഷം അനുവദിച്ച റ്റി.എസ്.പി വിഹിതം തിരികെയെടുത്ത് മറ്റ് ഗ്രാമപഞ്ചായത്തുകൾക്ക് നൽകാനാവശ്യമായ നടപടി പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കണം.

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുന്ന മുറയ്ക്ക് ഈ വർഷം വികസനഫണ്ടിൽ നിന്ന് പരിഹാര തുകയായി മാറ്റിയ 12,20,400 രൂപ വികസനഫണ്ടിലേക്ക് ,തിരികെ നൽകുന്നതിനും ആവശ്യമായ നടപടി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും ഐ.കെ.എം ഉം സ്വീകരിക്കണം. ഇതിനാവശ്യമായ തുടർനടപടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

ഇതിന്മേൽ നടപടിക്രമം പൂർത്തിയാക്കി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പട്ടികവർഗ്ഗ വികസന ഡയറക്ടർ റിപ്പോർട്ടു നൽകണം.

**നടപടി:– 1) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ**
**2) നഗരകാര്യഡയറക്ടർ**
**3)പഞ്ചായത്ത് ഡയറക്ടർ**
**4)സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**5) ഐ.കെ.എം**
**6) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**2.3 ഖണ്ഡിക 4.1**

**പഞ്ചായത്ത് ഡയറക്ടർ – HDPE ചെടിച്ചട്ടി.**

**പഞ്ചായത്ത് ഡയറക്ടറുടെ 05.05.2022 ലെ PAN/6090/2022/J1(DP) നമ്പർ കത്തും ശ്രീ.ഫ്രാൻസിസ് വർഗ്ഗീസ് അഴീക്കോട്, തൃശ്ശൂർ എന്നയാൾ CMO പോർട്ടൽ മുഖേന 18.03.2022 ൽ നല്കിയ കത്തും അനുബന്ധ രേഖകളും (SRG 507/22).**

അടുക്കളത്തോട്ടം, ടെറസ്സ് ഗാർഡൻ പച്ചക്കറി കൃഷിക്ക് ഗ്രോബാഗിനു പകരം High Density Polyethylene (HDPE) ചെടിചട്ടി ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കണമെന്നാണാവശ്യം. HDPE ചട്ടിയിൽ പോട്ടിംഗ് മിശ്രിതം നിറച്ച് നൽകുമ്പോൾ 300 രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. ഇത് വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**HDPE** ചട്ടികളുടെ ഗുണനിലവാരം, ഇത്തരം ചട്ടികൾ ഉപയോഗിക്കുന്നതിന്റെ പ്രായോഗികത, ഗുണമേന്മ തുടങ്ങിയവയിന്മേൽ കേരള കാർഷിക സർവ്വകലാശാലയുടെ വിദഗ്ദോപദേശം തേടി കൃഷി വകുപ്പ ഡയറക്ടർ റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും കൃഷി ഡയറക്ടർ റിപ്പോർട്ട് നൽകിയില്ല.

**തീരുമാനം :-** കൃഷി ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് അപേക്ഷിച്ച വ്യക്തിയുമായി ഇതിന്റെ വില കുറയ്ക്കുന്നതടക്കമുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ കുടുംബശ്രീ എസ്കിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. **HDPE** ചട്ടികളുടെ നിർമ്മാണ യൂണിറ്റ് കുടുംബശ്രീ തുടങ്ങുന്നതിന്റെ സാധ്യത പരിശോധിക്കുന്നതോടൊപ്പം ഇതിന്റെ വിതരണവും ഏറ്റെടുക്കണം. കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ലെ (ഖണ്ഡിക 4.10) നിർദ്ദേശത്തിന്റെ കൂടി അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) കൃഷി ഡയറക്ടർ**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
**3)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**3. പൊതുവിഷയം**

1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ 14.7.2022 ൽ കൂടിയ യോഗതീരുമാന പ്രകാരം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയ വിഷയത്തിന്മേൽ താഴെ പറയുന്ന തീരുമാനമെടുത്തു.

**i. വാഹനം വാങ്ങൽ**

28.05.2022 ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എഞ്ചിനീയറിംഗ് വിഭാഗത്തിലും വാഹനം വാങ്ങുന്നതിനും വാടകയ്ക്കെടുക്കുന്നതിനും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതനുസരിച്ച് നിലവിൽ ഒരു വാഹനം പോലുമില്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങളും നിലവിലുള്ള വാഹനം കണ്ടം ചെയ്യുന്ന തദ്ദേശഭരണസ്ഥാപനങ്ങളും കഴിവതും വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാടകയ്ക്കെടുക്കുന്നതിനു പകരം ആവശ്യമെങ്കിൽ ഇത്തരം സാഹചര്യത്തിൽ 10.00 ലക്ഷം രൂപയിൽ അധികരിക്കാത്ത വിലയുള്ള വാഹനം വാങ്ങുന്നതിനും മാർഗ്ഗരേഖയിൽ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും കോർപ്പറേഷൻ മേയറുടേയും ഉപയോഗത്തിന് 20.00 ലക്ഷം രൂപയിൽ അധികരിക്കാത്ത വിലയുള്ള വാഹനം വാങ്ങാവുന്നതാണ്.

ഈ നിർദ്ദേശ പ്രകാരം മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ 10.00 ലക്ഷം രൂപയിലധികം വിലവരുന്ന വാഹനം വാങ്ങാൻ കഴിയില്ല. ഈ പരിധി വർദ്ധിപ്പിക്കണമെന്ന് തദ്ദേശഭരണ സ്ഥാപന അസോസിയേഷൻ ഭാരവാഹികളടക്കമുള്ളവർ ആവശ്യപ്പെട്ട പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും, ബ്ലോക്കു പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ജില്ലാ പഞ്ചായത്തിലെയും കോർപ്പറേഷനിലെ മറ്റാവശ്യങ്ങൾക്കും (ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനും കോർപ്പറേഷൻ മേയർക്കും ഒഴികെ) 13.00 ലക്ഷം വരെ വിലയുള്ള വാഹനം വാങ്ങാവുന്നതാണ്. **GeM** പോർട്ടലിൽ വാഹനം ലഭ്യമല്ലായെങ്കിൽ ടെണ്ടർ, ഇ-ടെണ്ടർ മുഖേന വാങ്ങാവുന്നതാണ്. മാർഗ്ഗരേഖയിലെ മറ്റു നിബന്ധനകൾക്ക് മാറ്റമില്ല. അതു പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**ii. പ്രോജക്ട് വെറ്റിംഗ് കാര്യക്ഷമമാക്കുന്നതിന് വെറ്റിംഗ് ഓഫീസർമാർക്ക് പരിശീലനം**

തദ്ദേശഭരണസ്ഥാപനങ്ങളുടെ 2022-23 വാർഷിക പദ്ധതി സമർപ്പണവും ജില്ലാ ആസൂത്രണ സമിതി അംഗീകാരവും ഓഗസ്റ്റ് 3 ഓടെ പൂർത്തിയാകും. ഓഗസ്റ്റ് 25 ഓടെ വെറ്റിംഗ് നടപടി പൂർത്തിയാക്കണം. വെറ്റിംഗ് നടപടിക്രമം കാര്യക്ഷമമല്ല എന്നത് എല്ലാ കാലത്തുമുള്ള ഒരു പരാമർശമാണ് എന്ന് യോഗം വിലയിരുത്തി. വെറ്റിംഗ് കാര്യക്ഷമമല്ലെങ്കിൽ ഇതു പ്രോജക്ട് നിർവ്വഹണത്തെ ബാധിക്കുന്നതോടൊപ്പം കാലതാമസവും ഉണ്ടാകും. അതിനാൽ വെറ്റിംഗ് ഓഫീസർമാർക്ക് പ്രത്യേക പരിശീലനം ജില്ലാ ആസൂത്രണസമിതിയുടെ ആഭിമുഖ്യത്തിൽ നൽകണം. കൂടാതെ വകുപ്പുമേധാവികൾ മുഖേന ജില്ലാതല ഉദ്യോഗസ്ഥർക്കും അതു വഴി ബ്ലോക്ക്തല ഉദ്യോഗസ്ഥർക്കും വെറ്റിംഗ് നടപടി കാര്യക്ഷമമാക്കാൻ പ്രത്യേക നിർദ്ദേശം നൽകണം. പരിശീലനത്തിനാവശ്യമായ നടപടി **KILA**യും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും സ്വീകരിക്കണം.

മുകളിൽ പറഞ്ഞ നടപടി സ്വീകരിക്കുന്നതോടൊപ്പം ഈ കാര്യത്തിൽ ജില്ലാകളക്ടർമാർ ഓരോ ജില്ലയിലിലെയും വെറ്റിംഗ് ഓഫീസർമാരെ വിളിച്ച് ചേർത്ത് വെറ്റിംഗ് പ്രക്രിയ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പാക്കാൻ നടപടി സ്വീകരിക്കണം. ഇതിനായി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ച് ചേർത്ത് അഡീഷണൽ ചീഫ് സെക്രട്ടറി ആവശ്യമായ നിർദ്ദേശം നൽകണം. ജില്ലാ തലത്തിൽ ജില്ലാ ആസൂത്രണ സമിതിയുമായി ചേർന്ന് ആവശ്യമായ നടപടി ജില്ലാ പ്ലാനിംഗ് ഓഫീസർമാർ സ്വീകരിക്കണം.

**നടപടി:- 1) ഡയറക്ടർ ജനറൽ, കില**
**2)കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**3)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### iii. എ.ബി.സി. പരിപാടി

എ.ബി.സി പരിപാടി താഴെ പറയുന്ന രീതിയിൽ നടപ്പാക്കാൻ തീരുമാനിച്ചു.

1) ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രോജക്ടായാണ് എ.ബി.സി. പദ്ധതി നടപ്പാക്കേണ്ടത്. മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാ പഞ്ചായത്തായിരിക്കും. ഇതിനുള്ള വിഹിതം ജില്ലാ പഞ്ചായത്തിന് മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണം. പൊതുവിഭാഗം വികസന ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, തനത്ഫണ്ട് വിഹിതം എന്നിവ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

2) പേവിഷനിർമ്മാർജ്ജന ബോധവത്ക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടതാണ്. പേവിഷ നിർമ്മാർജ്ജന ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ സന്നദ്ധതയുള്ള സാമൂഹ്യപ്രവർത്തകരെയും സന്നദ്ധ സംഘടനകളെയും കണ്ടെത്തി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പരിശീലനം നൽകണം.

3) ജില്ലാ പഞ്ചായത്തുകൾക്ക് നേരിട്ടോ, ആനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരവും ABC ചെയ്യുന്നതിന് അനുമതിയുമുള്ള മൃഗക്ഷേമ സംഘടനകൾ വഴിയോ പദ്ധതി നടപ്പാക്കാവുന്നതാണ്.

4) തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് എ.ബി.സി. പദ്ധതി നടപ്പാക്കുന്നതെങ്കിൽ ഓരോ പ്രദേശത്തെയും നായ്ക്കളുടെ എണ്ണമനുസരിച്ച് രണ്ട് ബ്ലോക്കുകൾക്ക് ഒരെണ്ണം എന്ന നിലയിൽ ഓപ്പറേഷൻ തിയേറ്റർ, നായ്ക്കളെ താമസിപ്പിക്കാനുള്ള ഷെൽറ്റർ, മറ്റു സൗകര്യങ്ങൾ എന്നിവ ഒരുക്കിയാൽ മതിയാകും. ബ്ലോക്കു പഞ്ചായത്തുകളോടൊപ്പം സമീപത്തുള്ള നഗരസഭകളെയും കൂട്ടിച്ചേർക്കാവുന്നതാണ്. എന്നാൽ കോർപ്പറേഷനുകൾ പ്രത്യേകമായി സൗകര്യമൊരുക്കുന്നത് പരിഗണിക്കാവുന്നതാണ്.

   കെട്ടിട സൗകര്യം ഒരുക്കുന്നതോടൊപ്പം ഡോഗ് റൂളും, Standard Operating Procedure (SOP) കൂടി പാലിച്ച് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കണം. ഇതിന്റെ മാനദണ്ഡം വെറ്ററിനറി സർജൻ നിശ്ചയിച്ച് മുഖ്യ നിർവഹണ ഏജൻസിയായ തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കണം. നിർമ്മിക്കുന്ന കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ, Post and Pre-Operation Care Unit, സ്റ്റോർ, സി.സി. TV, എയർ കണ്ടീഷണർ, കിച്ചൺ എന്നിവയടക്കമുള്ള സൗകര്യമൊരുക്കണം. കൂടാതെ ഷെൽറ്ററും ഒരുക്കണം. 10 നായകളുടെ ഓപ്പറേഷന് 50 കൂടുകൾ എന്ന നിരക്കിലാണ് ഷെൽറ്റർ സൗകര്യമൊരുക്കേണ്ടത്.

   ഈ രീതിയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ആവശ്യമായ വിഹിതം മുഖ്യ നിർവഹണ ഏജൻസിയായ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന് ആ പ്രദേശത്തെയും സമീപ പ്രദേശത്തെയും ഗ്രാമപഞ്ചായത്തുകളും പങ്കാളിയാകുന്ന ബ്ലോക്ക് പഞ്ചായത്തും നഗരസഭയും കൈമാറണം. ഇപ്രകാരം ആവശ്യമായി വരുന്ന

ചെലവിനുശേഷമുള്ള തുക എ.ബി.സി.യുടെ പൊതു ചെലവിനായി ജില്ലാ പഞ്ചായത്തിന് കൈമാറിയാൽ മതി.

5) ഒരു വെറ്ററിനറി സർജൻ, 4 മൃഗപരിപാലകർ, ഒരു തീയേറ്റർ സഹായി, ഒരു ശുചീകരണ പ്രവർത്തകൻ, ഡോഗ് കാച്ചേഴ്സ് എന്നിവരടങ്ങുന്ന ബ്ലോക്ക്തല ടീം രൂപീകരിക്കണം. ഇവർക്ക് ജില്ലാ തലത്തിൽ പരിശീലനം നൽകണം. അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള കുന്നൂരിലെ World Veterinary Service Centre ൽ അയച്ച് ഡോഗ് കാച്ചേഴ്സിന് ആവശ്യമായ പരിശീലനം നൽകണം. ഇതിനാവശ്യമായ ചെലവ് എ.ബി.സി പ്രോഗ്രാമിനു മാറ്റിവച്ച വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്. കോർപ്പറേഷൻ തലത്തിലും ഇതേ പോലെ ഒരു ടീമിനെ രൂപീകരിക്കാവുന്നതാണ്. മുനിസിപ്പാലിറ്റികളിൽ സെന്റർ ഇല്ലായെങ്കിൽ സമീപ ബ്ലോക്ക് പഞ്ചായത്തിൽ ഒരുക്കിയിരിക്കുന്ന സൗകര്യവും ഇവിടെ രൂപീകരിച്ചിരിക്കുന്ന ടീമിന്റെ സഹായവും ഉപയോഗിക്കണം.

6) ഓപ്പറേഷന് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യവും ഒരുക്കിയതിനു ശേഷം താഴെപ്പറയുന്ന രീതിയിൽ വെറ്റിനറി ഡോക്ടറേയും സഹായികളേയും 6 മാസത്തേക്ക് നിയമിക്കാവുന്നതാണ്. തുടർന്ന് ആവശ്യമെങ്കിൽ സേവനം ആറുമാസം കൂടി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഓരോ ദിവസവും നായ്ക്കൾക്ക് ശസ്ത്രക്രിയ നടക്കുന്നുവെന്ന് ബന്ധപ്പെട്ട ബ്ലോക്കിലെ വെറ്ററിനറി ഡോക്ടർ ഉറപ്പുവരുത്തണം. ഒരു ദിവസം കുറഞ്ഞത് എത്ര സർജറി നടത്തണമെന്നത് ഡെപ്യൂട്ടി ഡയറക്ടർ (Animal Husbandry) നിശ്ചയിക്കണം. പ്രതിമാസം വെറ്ററിനറി സർജൻ– 44,020 രൂപ, Animal Handlers (മൃഗപരിപാലകൻ) – 20,000 രൂപ, ഓപ്പറേഷൻ തീയേറ്റർ സഹായി 25,000 രൂപ, ശുചീകരണ പ്രവർത്തകൻ – 12,000 രൂപ എന്ന നിരക്കിൽ വേതനം നൽകാവുന്നതാണ്.

7) ഡോഗ് കാച്ചേഴ്സിനെ നിയോഗിച്ച് നായ്ക്കളെ പിടികൂടി കൊണ്ടുവന്ന് പാർപ്പിക്കുന്നതിനുള്ള ഷെൽറ്റർ, ശസ്ത്രക്രിയയ്ക്കാവശ്യമായ മരുന്ന്, ഉപകരണങ്ങൾ തുടങ്ങിയ സംവിധാനം ഒരുക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക്/ നഗരഭരണ സ്ഥാപനങ്ങൾക്കായിരിക്കും.

8) തദ്ദേശഭരണ സ്ഥാപനതലത്തിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിന് അനുസരിച്ച് (നായ ഒന്നിന് 600 രൂപ മരുന്നിനും 200 രൂപ നായ്ക്കളുടെ ട്രാൻസ്പോർട്ടേഷനും 400 രൂപ ആഹാരത്തിനും ഒരു നായയെ പിടിയ്ക്കുന്നതിന് 200 രൂപ നിരക്കിൽ ഡോഗ് കാച്ചേഴ്സിനും നൽകണം. ആകെ 1,400 രൂപ) വിഹിതം വകയിരുത്തേണ്ടതാണ്

9) അതത് ഗ്രാമപഞ്ചായത്ത്/നഗരസഭകളിൽനിന്നും പിടികൂടിയ നായ്ക്കളെ ബ്ലോക്ക് തല എ.ബി.സി സെന്ററിൽ എത്തിച്ച് ശസ്ത്രക്രിയ നടത്തി അനന്തര ചികിത്സകളും നല്കി പൂർണ്ണ ആരോഗ്യം ഉറപ്പാക്കണം. പെൺ നായകൾക്ക് 5 ദിവസവും ആൺ നായകൾക്ക് 4 ദിവസവും ഷെൽട്ടർ സൗകര്യമൊരുക്കണം. ഇതിനുശേഷം ആരോഗ്യം ഉറപ്പാക്കി പഴയസ്ഥലത്ത് തിരികെവിടണം.

10) ABC പ്രോഗ്രാം പ്രകാരം നടപടിക്രമങ്ങളും ഓപ്പറേഷനും നടക്കുന്നത് ABC ഡോഗ് റൂളും Standard Operations Procedure (SOP) പ്രകാരമാണെന്ന് മോണിറ്ററിംഗ് കമ്മിറ്റിയും വെറ്ററിനറി ഡോക്ടറും ഉറപ്പാക്കണം.

11) ABC പ്രോഗ്രാം നടപ്പാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (Animal Husbandary) ഖണ്ഡിക 5 പ്രകാരമുള്ള ടീം രൂപീകരിച്ച് നടപടി സ്വീകരിക്കുകയോ അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരം നേടിയിട്ടുള്ള മൃഗക്ഷേമ സംഘടനയെ ചുമതലപ്പെടുത്തുകയോ ചെയ്യാം. അനിമൽ വെൽഫയർ ഓർഗനൈസേഷൻ മുഖേനയാണ് നടപ്പാക്കുന്നതെങ്കിൽ നായ ഒന്നിന് 2,100 രൂപ നിരക്കിൽ കൈമാറേണ്ടതാണ്. മൃഗക്ഷേമ സംഘടന മുഖേനയാണ് ABC പ്രോഗ്രാം നടപ്പാക്കുന്നതെങ്കിൽ മുകളിൽ ഖണ്ഡിക 4, 5, 6 ൽ പറയുന്നതടക്കമുള്ള അടിസ്ഥാന സൗകര്യം ഒരുക്കേണ്ടതില്ല.

12) ഏതെങ്കിലും തദ്ദേശഭരണസ്ഥാപനങ്ങളിൽ നായകൾക്ക് ഓപ്പറേഷൻ നടത്തുന്നതിന് ആവശ്യമായ സൗകര്യമുണ്ടെങ്കിൽ അത്തരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തനിയെ എ.ബി.സി പരിപാടി നടത്താവുന്നതാണ്. എന്നാൽ അതിനായി ഖണ്ഡിക 6 ൽ പറയുന്ന രീതിയിൽ ഡോക്ടറെയും സഹായികളേയും നിയമിക്കേണ്ടതില്ല. പകരം ബ്ലോക്ക് തലത്തിൽ നിയോഗിക്കുന്ന ഈ ടീമിനെ ഒഴിവു സമയം നോക്കി ഉപയോഗിക്കേണ്ടതാണ്.

13) എ.ബി.സി പരിപാടി നടപ്പാക്കുന്നതിന് സംസ്ഥാനതലം, ഗ്രാമപഞ്ചായത്ത്/ നഗരസഭാ തലം എന്ന രീതിയിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണം. സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ഗ്രാമപഞ്ചായത്ത്/നഗരസഭാ തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി ഇതിനകം രൂപീകരിച്ചിട്ടില്ലെങ്കിൽ ഉടൻ രൂപീകരിക്കണം.

14) ഓപ്പറേഷൻ തിയേറ്ററുമായി ബന്ധപ്പെടുന്നവർ, മൃഗപരിപാലകർ, ഡോഗ് കാച്ചേഴ്സ് എന്നിവർക്ക് നിർബന്ധമായി ആന്റി റാബിസ് വാക്സിനേഷൻ നൽകണം. നായകൾക്കും വാക്സിനേഷൻ നൽകേണ്ടതാണ്.

15) നായയുടെ ഓപ്പറേഷനു ശേഷമുള്ള അവയവങ്ങൾ 'IMAGE'-നു നൽകണം. അല്ലെങ്കിൽ ശാസ്ത്രീയമായ നടപടികൾക്കു ശേഷം അതത് പ്രദേശത്ത് സുരക്ഷിതമായി സംസ്കരിക്കണം.

16) ഓരോ സെന്ററിലേക്കും ആവശ്യമായ ജോലിക്കാരെ അതത് പ്രദേശത്തു നിന്നും സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്ക് പ്രകാരം തെരഞ്ഞെടുക്കാവുന്നതാണ്.

17) വീടുകളിൽ വളർത്തുന്ന എല്ലാ നായകൾക്കും കാലാകാലങ്ങളിൽ വാക്സിനേഷൻ നിർബന്ധമായി എടുക്കണം. ഇത് മൃഗാശുപത്രി വഴി സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കണം. എല്ലാ വളർത്തു നായകൾക്കും ലൈസൻസ് എടുക്കണമെന്ന നിർദ്ദേശം കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും നിർദ്ദേശം നൽകണം.

18) തെരുവു നായ്ക്കളേയും മറ്റുള്ളവർ ഉപേക്ഷിക്കുന്ന നായ്ക്കളേയും ദത്തെടുത്ത് വളർത്തി പരിപാലിക്കാൻ തയ്യാറുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും വീട്ടിൽ വളർത്തുന്ന നായ്ക്കളെ തെരുവിൽ ഉപേക്ഷിക്കുന്ന പ്രവണതയ്ക്കെതിരെയും ബോധവത്ക്കരണം നടത്തണം.

19) ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടിന് ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (Animal Husbandry) ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

2) വാർഷിക പദ്ധതി അംഗീകാരത്തിനുശേഷം ചുവടെ പറയുന്ന നടപടിക്രമങ്ങൾ ഒപ്പം ചേർത്തിരിക്കുന്ന കലണ്ടർ പ്രകാരം പൂർത്തിയാക്കണം. ഇതു കൃത്യമായി നടക്കുന്നുവെന്ന് ജില്ലാ ആസൂത്രണ സമിതി ഉറപ്പാക്കണം. ഇത് ആഴ്ച തോറും ജില്ലാ പ്ലാനിംഗ് ഓഫീസർമാർ അവലോകനം ചെയ്യണം.

| ക്രമ നമ്പർ | പ്രവർത്തനം | നടപടിക്രമം പൂർത്തിയാക്കേണ്ട അവസാന തീയതി |
|---|---|---|
| 1 | പ്രോജക്ട് വെറ്റിംഗ് | |
| | (i) സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണം ആരംഭിക്കാവുന്ന പ്രോജക്ടുകൾ | ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തിനു ശേഷം നടപടി ക്രമങ്ങൾ പാലിച്ച് ഉടനെ തന്നെ നിർവ്വഹണം ആരംഭിക്കണം. |
| | (ii) സാധാരണ പ്രോജക്ടുകളുടെ വെറ്റിംഗ് (സാങ്കേതികാനുമതി ആവശ്യമില്ലാത്തവ) | ഓഗസ്റ്റ് 10 |
| | (iii) സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ടുകൾ - സാങ്കേതികാനുമതിയും വെറ്റിംഗും | ഓഗസ്റ്റ് 25 |
| 2 | ഗുണഭോക്തൃ ഗ്രാമസഭ | ആഗസ്റ്റ് 22 മുതൽ സെപ്റ്റംബർ 3 വരെ |
| 3 | ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ | സെപ്റ്റംബർ 14 |
| 4 | ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറൽ | സെപ്റ്റംബർ 16 |
| 5 | മേൽത്തട്ട് പഞ്ചായത്തുകൾക്ക് ഗുണഭോക്തൃ ലിസ്റ്റ് കൈമാറൽ | സെപ്റ്റംബർ 16 |
| 6 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്യൽ | സെപ്റ്റംബർ 30 |

**നടപടി:- 1) എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാരും**

**2) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3) **കൃഷി – സബ്സിഡി മാർഗ്ഗരേഖയിൽ വരുത്തേണ്ട മാറ്റങ്ങൾ**

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി – ധനസഹായ മാർഗ്ഗരേഖയിൽ കൃഷിചെലവ് സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിരുന്നു. കൃഷി വകുപ്പിലെ അഡീഷണൽ ഡയറക്ടർ അടക്കമുള്ള ഉദ്യോഗസ്ഥന്മാരുമായി ഇതു സംബന്ധിച്ച് 23.07.2022 ൽ എസ്.ആർ.ജി ചെയർമാൻ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ നൽകിയ താഴെ പറയുന്ന നിർദ്ദേശങ്ങൾ യോഗം അംഗീകരിച്ചു.

സബ്സിഡി – ധനസഹായ മാർഗ്ഗരേഖയിലെ (28.05.2022– ലെ 115/2022–ാം നമ്പർ ഉത്തരവ്) താഴെ പറയുന്ന ഖണ്ഡിക, ക്രമ നമ്പറുകളിൽ ചുവടെ പറയുന്ന ഭേദഗതി കൂട്ടിച്ചേർക്കാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിനുള്ള കരട് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിൽ നിന്നു തയ്യാറാക്കി നൽകേണ്ടതാണ്.

i. **ഖണ്ഡിക 6.1 – ക്രമ നമ്പർ 1** – കൃഷിക്കുള്ള ജൈവവളം വാങ്ങുന്നതിനു നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന സ്റ്റേറ്റ് ബയോഫെർട്ടിലൈസർ ലാബുകൾ, അഗ്രോസർവ്വീസ് സെന്റർ, ഇക്കോ ഷോപ്പുകൾ എന്നിവ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

   ഒപ്പം ക്രമ നമ്പർ 1 മുതൽ 5 വരെ പരാമർശിച്ചിരിക്കുന്ന വളം, ജൈവകീടനാശിനി, പച്ചക്കറി തൈകൾ, വിത്ത് മുതലായവ നൽകുന്നതിന് മാർഗ്ഗരേഖയിൽ പരാമർശിക്കുന്ന അംഗീകൃത ഏജൻസികൾക്കൊപ്പം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ (KAICO) കൂടി ഉൾപ്പെടുത്താവുന്നതാണ്. കൂടാതെ കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ വാങ്ങൽ, അവയുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കുള്ള അംഗീകൃത ഏജൻസിയായും KAICO യെ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

ii. **ഖണ്ഡിക 6.1 – ക്രമ നമ്പർ 2** – കൃഷിക്ക് രാസവളം, ജലലയ വളങ്ങൾ, നാനോ വളങ്ങൾ എന്നിവ മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. ജൈവകൃഷിക്കാണ് ഊന്നൽ നൽകുന്നതെങ്കിലും രാസകീടനീശിനികളും കളനാശിനികളും പൂർണ്ണമായി ഒഴിവാക്കാനാവില്ല. ആയതയിനാൽ ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യങ്ങളിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുന്ന ജില്ലാതല കമ്മിറ്റിയുടെ അനുമതിയോടെ സമഗ്രപരിപാടികളുടെ ഭാഗമായി രാസകീടനാശിനികളും കുമിൾ നാശിനികളും കളനാശിനികളും കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഇതിന് പരമാവധി 50 ശതമാനം സബ്സിഡി നൽകാവുന്നതാണ്.

iii. **ഖണ്ഡിക 6.1 – ക്രമ നമ്പർ 3** – കൃഷിക്കുള്ള ജൈവ / ജീവാണു കീടനാശിനികൾ വാങ്ങുന്നതിനു നിർദ്ദേശിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ കൃഷി വകുപ്പിന്റെ

നിയന്ത്രണത്തിൽ മണ്ണുത്തിയിൽ പ്രവർത്തിച്ചു വരുന്ന സ്റ്റേറ്റ് ബയോകൺട്രോൾ ലാബിനെ കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

iv. **ഖണ്ഡിക 6.1 – ക്രമ നമ്പർ 5 –** ഫല– പുഷ്പ – ഔഷധ സസ്യകൃഷിക്കുള്ള വിത്തുകളും തൈകളും എന്നതിൽ കവുങ്ങ് കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

v. **ഖണ്ഡിക 6.1 ക്രമ നമ്പർ 8**, 9 തരിശു കൃഷിക്ക് കർഷകർ ഭൂഉടമകൾക്ക് നൽകുന്ന തുകയും സ്ഥിരം കൃഷിക്ക് കർഷകർ ഭൂഉടമകൾക്ക് നൽകുന്ന പാട്ടത്തുകയും ഒരുമിച്ച് നൽകാവുന്നതല്ല. ഇതിൽ ഇരിട്ടിപ്പ് ഉണ്ടാകുന്നില്ലായെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണം.

vi. **ഖണ്ഡിക 6.1 – ക്രമ നമ്പർ 8, 9 –** തരിശു കൃഷിക്കും സ്ഥിരം കൃഷിക്കും നൽകാവുന്ന കൃഷിചെലവ് ഇനി പറയും പ്രകാരം വ്യക്തതവരുത്തുന്നു. കൃഷി ചെലവ് എന്നത് കൂലി ചെലവ്, ഉല്പാദനോപാധികൾക്കു നൽകുന്ന സബ്സിഡി എന്നിവ ഉൾപ്പെടെയാണ്. മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന നിരക്കിൽ പരിമിതപ്പെടുത്തി കൂലിചെലവ്, ഉല്പാദനോപാധികൾക്കു നൽകാവുന്ന ധനസഹായം എന്നിവയുടെ അനുപാതം തദ്ദേശഭരണസ്ഥാപനതലത്തിൽ തന്നെ നിശ്ചയിക്കാവുന്നതാണ്.

vii. **ഖണ്ഡിക 6.1 – ക്രമ നമ്പർ 9 A –** തരിശ് കൃഷിക്കും സ്ഥിരം കൃഷിക്കും ബാധകമായി പൊതു മാർഗ്ഗ നിർദ്ദേശങ്ങളിൽ വിത്ത്, വളം, കീടനാശിനി എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുകയാണെങ്കിൽ മാർഗ്ഗരേഖ പ്രകാരം ബാധകമായ ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ഇവയുടെ **"വില"** കുറവ് ചെയ്ത് ബാക്കി തുക (മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കിൽ പരിമിതപ്പെടുത്തി) കൃഷി ചെലവിനുള്ള മറ്റു ധനസഹായമായി അനുവദിക്കാം എന്നു പറഞ്ഞിരിക്കുന്നത് ഇനി പറയും പ്രകാരം ഭേദഗതി ചെയ്യുന്നു. വിത്ത്, വളം, കീടനാശിനി മുതലായവയ്ക്ക് സബ്സിഡി നൽകിയിട്ടുണ്ടെങ്കിൽ ഇവയുടെ 'വില' കുറവു ചെയ്യുന്നതിനു പകരം ഇവയ്ക്കായി നൽകിയ **"സബ്സിഡി തുക"** കുറവു ചെയ്യണം എന്ന് വ്യക്തത വരുത്തുന്നു.

viii. **ഖണ്ഡിക** 6.1 – ക്രമ നമ്പർ 9 **A –** കൃഷിക്കായി പാട്ടത്തിനെടുത്ത ഭൂമി ആണെങ്കിൽ 2500 രൂപ അധികമായി നൽകാമെന്നുണ്ട്. ക്രമ നമ്പർ 8–ൽ തരിശുകൃഷി ചെയ്യുമ്പോൾ സ്ഥലമുടമയ്ക്ക് തുക നൽകാമെന്നുണ്ട്. ഇങ്ങനെ പാട്ടത്തിനെടുക്കുന്ന ഭൂമി കുടുംബാംഗങ്ങൾ, ബന്ധുക്കൾ എന്നിവരുടേതാകരുത് എന്ന് മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. ബന്ധുക്കൾ എന്നതുകൊണ്ട് വിവക്ഷിക്കുന്നത് **"ഗുണഭോക്താവിന്റെ കുടുംബ റേഷൻകാർഡിൽ ഉൾപ്പെട്ടവർ"** എന്ന് വ്യക്തത വരുത്തുന്നു.

**നടപടി:– 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**

**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4) വ്യക്തിഗത പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മാത്രവും ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും എടുക്കാവുന്നതാണെന്ന പൊതു മാനദണ്ഡമാണ് പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി–ധനസഹായ മാർഗ്ഗരേഖയിൽ സ്വീകരിച്ചിരിക്കുന്നത്.

വ്യക്തിഗത ഗുണഭോക്താക്കൾക്കുവേണ്ടിയുള്ള ഉല്പാദന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ നടപ്പാക്കുമ്പോൾ ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകൾക്ക് ഇതിൽ പങ്കാളികളാകാവുന്നതാണ്. എന്നാൽ അനിവാര്യവും സംയുക്തമായി നടപ്പാക്കുന്നതിന് പ്രായോഗികവുമായ മേഖലകളിലെ പ്രോജക്ടുകളെ ഇങ്ങനെ ഏറ്റെടുക്കാവൂ. ഇതിനായി ബ്ലോക്കു ജില്ലാ പഞ്ചായത്തുകൾ അവരുടെ വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി വേണം നടപ്പാക്കേണ്ടത്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

5) തദ്ദേശഭരണസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവും പോസ്റ്റിംഗും നടത്തുമ്പോൾ പദ്ധതി നിർവ്വഹണത്തെ ബാധിക്കാതിരിക്കാൻ വകുപ്പുമേധാവികൾ ശ്രദ്ധിക്കണം. പ്രധാനപ്പെട്ട തസ്തികയിൽ പോസ്റ്റ് ഒഴിഞ്ഞു കിടക്കാതിരിക്കാൻ പ്രത്യേകമായി വകുപ്പു മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്**

6) എഞ്ചിനീയറിംഗ് മേഖലയിൽ (മരാമത്ത് പ്രവൃത്തികൾ) കഴിഞ്ഞവർഷം പദ്ധതി ചെലവ് കുറവായിരുന്നു. ഈ വർഷം ഇതാവർത്തിക്കാൻ പാടില്ല. അതിനാൽ എഞ്ചിനീയർമാരുടെ യോഗം ഓരോ നിശ്ചിത ഇടവേളയിലും വിളിച്ചു ചേർത്ത് പ്രോജക്ടു നിർവ്വഹണം പ്രത്യേകമായി തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ വിലയിരുത്തണം.

**നടപടി:– 1)തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**
**2) തദ്ദേശസ്വയംഭരണ (ഇ.ഡബ്ല്യു.എ) വകുപ്പ്**

7) പഞ്ചായത്തു വകുപ്പിൽ സ്ഥലം മാറ്റത്തിന് ഓൺലൈൻ ആപ്ലിക്കേഷൻ നിലവിൽ വന്നിട്ടുണ്ട്. ഇത് നഗരഭരണ വകുപ്പിൽ കൂടി വ്യാപിപ്പിക്കണം. ഇതിനാവശ്യമായ ക്രമീകരണം ഐ.കെ.എം നടത്തണം. ആവശ്യമായ സഹായം നഗരകാര്യ ഡയറക്ടർ നൽകണം. ആഗസ്റ്റ് 15–ഓടെ ഇതു പൂർത്തിയാക്കണം. സ്ഥലം മാറ്റത്തിനുള്ള ഓൺലൈൻ പോർട്ടലിൽ ഡാഷ്ബോർഡിൽ ഓരോ തദ്ദേശഭരണസ്ഥാപനങ്ങളിലുമുള്ള ഒഴിവുകൾ അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കണം.

**നടപടി:–1) നഗരകാര്യ ഡയറക്ടർ**
**2)ഐ.കെ.എം**
**3)തദ്ദേശസ്വയംഭരണ (ഇ.യു)വകുപ്പ്**

8) പുതുതായി DDO കോഡ് ആവശ്യമുള്ളവരുടെ ലിസ്റ്റ് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നു ശേഖരിച്ച് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ ധനവകുപ്പിനു നൽകണം. ഒരു ഉദ്യോഗസ്ഥന് പ്രോജക്ട് നിർവ്വഹണത്തിന് ഒന്നിലധികം DDO കോഡ് ഉണ്ടാകാതിരിക്കാൻ വകുപ്പ മേധാവികൾ സൂക്ഷ്മ പരിശോധന നടത്തിവേണം ധനവകുപ്പിനു നൽകേണ്ടത്. കാലതാമസമൊഴിവാക്കി ട്രഷറിയിൽ നിന്ന് ഈ ലിസ്റ്റ പ്രകാരം DDO കോഡ് നൽകുന്നതിനാവശ്യമായ തുടർ നടപടി ധനവകുപ്പ് സ്വീകരിക്കണം.

**നടപടി:– 1) പഞ്ചായത്തു ഡയറക്ടർ**
**2) നഗരകാര്യ ഡയറക്ടർ**
**3) ഗ്രാമവികസന കമ്മീഷണർ**
**4) തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

9) കാനകളുടെ നിർമ്മാണത്തിനും ജലത്തിന്റെ ഒഴുക്ക് തടസ്സം കൂടാതെയാക്കുന്നതിനും ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ) ഉപയോഗിക്കാവുന്നതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ (ഡി.ബി/എഫ്.എം) വകുപ്പ്**

10) 2022–23 ലെ വാർഷിക പദ്ധതി സമർപ്പിക്കേണ്ട അവസാന തീയതി ജൂലൈ 27– ആണ്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം മൂലം പദ്ധതി രൂപീകരണത്തിനു കാലതാമസം നേരിട്ട തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതി സമർപ്പിക്കാനുള്ള തീയതി ആഗസ്റ്റ് 30 വരെ ദീർഘിപ്പിക്കാൻ തീരുമാനിച്ചു. ഈ തദ്ദേശഭരണസ്ഥാപനങ്ങൾ അറിയിക്കുന്ന മുറയ്ക്ക് സുലേഖ സൈറ്റിൽ ആവശ്യമായ ക്രമീകരണം ചെയ്യാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനേയും ഐ.കെ.എം നേയും ചുമതലപ്പെടുത്തി.

**നടപടി:– 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)ഐ.കെ.എം**
**3) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

11) കാലാവസ്ഥ / ദുരന്തനിവാരണ പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർ ആരാകണം എന്നത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തി.

**നടപടി:– 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

12) സർക്കാർ സാങ്കേതിക വിദ്യാലയങ്ങളുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയതാണ്. ഇവയിൽ വാണിജ്യ സ്കൂളുകൾ (കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്) വസ്ത്ര നിർമ്മാണം – തയ്യൽ സ്കൂളുകൾ (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ്) എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥന്മാരായി ഈ സ്ഥാപനങ്ങളുടെ സൂപ്രണ്ടുമാരെ (മേധാവികൾ) ചുമതലപ്പെടുത്താവുന്നതാണ്. ഒരു ജില്ലയിൽ ഒന്നിലധികം ഇത്തരം സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ ഏതെങ്കിലും ഒരു സ്ഥാപനമേധാവിയെ മാത്രമേ നിർവ്വഹണ ഉദ്യോഗസ്ഥനാക്കാവൂ. ഇത്തരം നിർവ്വഹണ

ഉദ്യോഗസ്ഥരുടെ വിവരം പഞ്ചായത്ത് ഡയറക്ടർ ശേഖരിച്ച DDO കോഡ് അനുവദിക്കുന്നതിന് ധനവകുപ്പിനു നൽകേണ്ടതാണ്.

**നടപടി:- 1) പഞ്ചായത്ത് ഡയറക്ടർ**
**2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

13) സാധനസാമഗ്രികളുടെ അടിക്കടിയുണ്ടാകുന്ന വില വർദ്ധനവും ഓരോ പ്രദേശത്തെ ഭൂപ്രകൃതിയുടെ പ്രത്യേകതയും പരിഗണിച്ച് നിലവിലെ DSR നിരക്കിൽ 10 ശതമാനം വരെ ഉദ്യോഗസ്ഥതലത്തിൽ ടെണ്ടർ എക്സസ് അനുവദിക്കുന്നത് സംബന്ധിച്ച് ധനവകുപ്പ് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ധനവകുപ്പിന്റെ മാർഗ്ഗരേഖയ്ക്ക് വിധേയമായി തദ്ദേശഭരണസ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾക്കും കുടിവെള്ള പ്രോജക്ടുകൾക്കും തദ്ദേശഭരണ സ്ഥാപന തലത്തിൽ ധനവകുപ്പിന്റെ മാർഗ്ഗരേഖയ്ക്ക് വിധേയമായി പരമാവധി 10 ശതമാനം ടെണ്ടർ എക്സസ് നൽകുന്നതിന് അനുമതി നൽകുന്നു. ഇതിന്റെ കരട് മാർഗ്ഗരേഖ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി സർക്കാരിന് നൽകണം.

**നടപടി:-1 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്)**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4. പ്രത്യേക വിഷയം

====================

### 4.1 കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്

**ബഹു.കോട്ടയ്ക്കൽ എം.എൽ.എയുടെ 28.02.2022 ലെ കത്തും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.03.2022 ലെ കത്തും കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 05.03.2022 ലെ** A2-960/2022-**ാം നമ്പർ കത്തും കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.02.2022 ലെ 5(3)-ാം നമ്പർ തീരുമാനവും (SRG 383/22 – LSGD / FM3/36/2022 – LSGD, SRG 361/22- CC/234/22)**

കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ മുപ്പതിൽപരം കുടിവെള്ള പദ്ധതിയുണ്ട്. ഇതിന്റെ നടത്തിപ്പിൽ പമ്പ് ഓപ്പറേറ്റർക്ക് വേതനം, കറണ്ട് ചാർജ്ജ് എന്നീ ഇനങ്ങൾ ഉൾപ്പെടെ 1.90 കോടി രൂപ മുൻ വർഷങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വിവിധ ഓഡിറ്റ് കുറിപ്പുകളുമുണ്ട്. കുടിവെള്ള പദ്ധതി നടത്തിപ്പിനായി തുക ചെലവഴിച്ചതിന് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്. മുപ്പതോളം കുടിവെള്ള പദ്ധതികൾ മെയിന്റനൻസ് നടത്തി ഗുണഭോക്താക്കൾ സമിതിക്ക് കൈമാറാനാണ് ഗ്രാമപഞ്ചായത്ത് ഉദ്ദേശിക്കുന്നത്. ഈ പ്രവൃത്തികൾ 2022 മേയ് മാസത്തോടെ മാത്രമേ പൂർത്തിയാക്കാൻ കഴിയൂ. മെയ് മാസം വരെയുള്ള പ്രവർത്തന ചെലവുകൾക്കും സാധൂകരണവും നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –**

1) ഓഡിറ്റ് കുറിപ്പ് സംബന്ധിച്ച വിഷയം വകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ നിർദ്ദേശിക്കുന്നു.

2) കുടിവെള്ള പദ്ധതികൾക്ക് 2022 മെയ് മാസം വരെ നടത്താനുദ്ദേശിക്കുന്ന (മെയ് മാസത്തിനു മുമ്പാണ് കത്ത് നൽകിയത്) മെയിന്റനൻസ് സംബന്ധിച്ച് വിശദാംശങ്ങൾ

നൽകിയിട്ടില്ലാത്തതിനാൽ യോഗം പരിഗണിച്ചില്ല. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (എഫ്.എം/ഡി.സി) വകുപ്പ്**

**4.2 <u>മങ്കട ബ്ലോക്ക് പഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 20.05.2022, 08.05.2022 തീയതികളിലെ കത്തുകളും, KWA മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 06.04.22 ലെ AB2/5461/09-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.03.2022 ലെ (ഖണ്ഡിക 4.39) യോഗതീരുമാനവും (SRG 531/22 – CC/315/2022)**

മങ്കട ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും കുടിവെള്ളമെത്തിക്കാൻ ജലജീവൻ മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി ആകെ 184.00 കോടി രൂപയാണ് അടങ്കൽ. ഈ പദ്ധതിയ്ക്കായി ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം തദ്ദേശഭരണസ്ഥാപനം വാങ്ങി നൽകണം. ഇതിനായി മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മോദിക്കയത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. വിലനിർണ്ണയിച്ച് നൽകാൻ റവന്യൂ അധികാരികളോട് നിർദ്ദേശിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് 2017-18 മുതൽ 2020-21 വരെ വിവിധ (13 എണ്ണം) കുടിവെള്ള പ്രോജക്ടുകൾക്കായി ആകെ 71,12,895/- രൂപ KWA യിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഈ തുക ട്രീറ്റ്മെന്റ് പ്ലാന്റിനു സ്ഥലം വാങ്ങുന്നതിന് ഉപയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്ത് അനുമതി നൽകണമെന്നതാണ്.

തുക തിരികെ ലഭിക്കാൻ സാധ്യത ഉണ്ടോ എന്ന് ആരാഞ്ഞ് KWA മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് സഹിതം നൽകാൻ 11.03.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ച് KWA എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് നൽകിയിട്ടുണ്ട്. 2017-18 മുതൽ 2020-2021-വരെ KWA മുഖേന നടപ്പാക്കിയ ഡിപ്പോസിറ്റ് പ്രവർത്തികളുടെ ബാക്കി തുക തിരികെ നൽകുന്നതിന് തയ്യാറാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**തീരുമാനം: -** എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ KWA മുഖേന നടപ്പാക്കിയ ഡിപ്പോസിറ്റ് പ്രവർത്തികളുടെ ബാക്കി തുകയും ഇനി ചെലവഴിക്കാൻ കഴിയാത്ത തുകയും ട്രീറ്റ് മെന്റ് പ്ലാന്റിനു സ്ഥലം വാങ്ങുന്നതിന് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**4.3 <u>കൊരട്ടി ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ്ഓഫീസറുടെ 06.04.2022 ലെ കത്തും കൊരട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31.03.2022 ലെ C3/12350/2021-ാം നമ്പർ കത്തും (SRG 459/22 – CC/290/2022)**

കൊരട്ടി ഗ്രാമപഞ്ചായത്തിൽ നാലുകെട്ട് ഇരട്ടച്ചിറ, പൊങ്ങം സ്കീമുകളിൽ നിന്ന് വേനൽകാലത്ത് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം KWA അധിക ഷിഫ്റ്റ് നടത്തി. ഇതിനായി പമ്പ് ഓപ്പറേറ്ററുടെ ദിവസവേതനം ഗ്രാമപഞ്ചായത്ത് നൽകി. കൂടുതൽ ഗാർഹിക

കണക്ഷനുകൾ അനുവദിച്ചതുമൂലം ഗ്രാമപഞ്ചായത്തിലെ പല ഉയർന്ന പ്രദേശങ്ങളിലും കുടിവെള്ളം ലഭിക്കാതെ വന്നു. തുടർന്ന് 2021 ജൂൺ മുതൽ 2021 നവംബർ വരെ KWA അഡീഷണൽ ഷിഫ്റ്റ് തുടരുകയുണ്ടായി. ഇതിന്റെ വേതനം നൽകുന്നതിനായി KWA 85,388 രൂപയുടെ നോട്ടീസ് നൽകിയിട്ടുണ്ട്. ഈ തുക തനതുഫണ്ടിൽ നിന്നു നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരമാണ് അധിക ഷിഫ്റ്റ് നടത്തിയത് എന്നതിനാൽ അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി/എഫ്.എം) വകുപ്പ്**

**4.4 <u>കുറവ ഗ്രാമപഞ്ചായത്ത്</u>**

**കുറവ ഗ്രാമപഞ്ചായത്ത് വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ 20.10.2021 ലെ കത്തും കുറവ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.04.21 ലെ 8(1)-ാം നമ്പർ തീരുമാനവും (SRG 381/22 – DB4/154/2021 - LSGD).**

കുറവ ഗ്രാമപഞ്ചായത്തിൽ ആറാം വാർഡിൽ ഉള്ള എം.എൻ. ലക്ഷം വീട്ടു കോളനിയിൽ 7 കുടുംബങ്ങൾ ഇരട്ട വീടുകളിൽ താമസിച്ചുവരുന്നുണ്ട്. ആകെ 10 കുടുംബങ്ങൾക്ക് താമസിക്കാവുന്ന ഇരട്ടവീടുകൾ ഇവിടെയുണ്ട്. ഈ വീടുകൾ താമസയോഗ്യമല്ല. അതിനാൽ ഇവ ഒറ്റ വീടുകളാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** ലക്ഷം വീട് കോളനിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കുന്നതിന് നിലവിൽ അനുമതിയുണ്ട്. ഇതനുസരിച്ച് നിബന്ധനകൾ പാലിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. (28.05.2022 ലെ 115/2022/തസ്വഭവ ഉത്തരവ് പ്രകാരമുള്ള സബ്സിഡി - ധനസഹായ മാർഗ്ഗരേഖ (ഖണ്ഡിക 6.7 ക്രമനമ്പർ 6).

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി/ഡി.ഇ) വകുപ്പ്**

**4.5 <u>കാസർഗോഡ് നഗരസഭ</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2022 ലെ കത്തും കാസർഗോഡ് മുനിസിപ്പൽ കൗൺസിലിന്റെ 20.01.2021 ലെ 1-ാം നമ്പർ തീരുമാനവും (SRG 472/22– CC /292/21).**

കാസർഗോഡ് നഗരസഭയിലെ 20-ാം വാർഡിൽ കരിപ്പൊടി റോഡ് വീതി കൂട്ടുന്നതിന് 18.08.2015 ലെ കൗൺസിൽ തീരുമാനിക്കുകയും (തീരുമാനം നമ്പർ 37) പ്രവൃത്തി നടപ്പാക്കുകയും ചെയ്തു. ഇതിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയില്ല. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തി 31.08.2015 ലാണ് ടെണ്ടർ ചെയ്തത്. ഇതിന്റെ എസ്റ്റിമേറ്റ് 9.80 ലക്ഷം രൂപയാണ്. ബിൽ തുക 8,85,356 രൂപ. നഗരസഭാ കൗൺസിലിന്റെ തീരുമാന പ്രകാരം ചെയ്ത പ്രവൃത്തി സാധൂകരിച്ച് ബിൽ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –**

1) പ്രോജക്റ്റ് തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിയുടെ അനുമതി കൂടാതെ പ്രവൃത്തി ചെയ്തത് ക്രമ വിരുദ്ധമാണ് എന്ന് യോഗം വിലയിരുത്തി.
2) ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശ സ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട്ട പരിഗണിക്കുന്നതാണ്.

**നടപടി:– 1) തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

**2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.6 <u>കുംപഡജെ ഗ്രാമപഞ്ചായത്ത്</u>**

**കുംപഡജെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 25.11.2021 ലെ കത്തും 19.03.22 ലെ** DA**2**/28/2022/**തസ്വഭവ നമ്പർ സർക്കാർ കത്തും (SRG 401/2**2).

കുംപഡജെ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ തലബയിൽ നിന്നും മൗവ്വാർ ഭാഗത്തേക്കുള്ള 1135 മീറ്റർ റോഡ് പ്ലാന്റേഷൻ കോർപ്പറേഷൻ വക സ്ഥലത്തുകൂടിയാണ് കടന്നു പോകുന്നത്. ഈ റോഡ് പഞ്ചായത്തു വിഹിതം ഉപയോഗിച്ച് ടാറിംഗ് നടത്താൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –** റോഡ് പൊതു ജനങ്ങളുടെ ആവശ്യത്തിനു തുറന്നു കൊടുക്കാമെന്ന് പ്ലാന്റേഷൻ കോർപ്പറേഷനും ഗ്രാമപഞ്ചായത്തും തമ്മിൽ കരാറിലേർപ്പെടണമെന്ന നിബന്ധനയോടെ അനുവദനീയ വിഹിതം ഉപയോഗിക്കാൻ അനുമതി നൽകുന്നു. കൂടാതെ പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുന്ന ഭാഗമാണ് ടാറിംഗ് നടത്തുന്നതെന്ന് ഉറപ്പാക്കണം.

**നടപടി :– തദ്ദേശസ്വയംഭരണ (ഡി.എ/ഡി.ബി) വകുപ്പ്**

**4.7 <u>തലക്കാട് ഗ്രാമപഞ്ചായത്ത്</u>**

**<u>മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.04.2022 ലെ കത്ത് (SRG 461/22 – CC/291/2022)</u>**

| | | |
|---|---|---|
| ***പ്രോ.നം: 112/22*** | ***അടങ്കൽ*** | ***9,78,933 രൂപ*** |
| | *വികസനഫണ്ട്* | *7,34,200 രൂപ* |
| | *ഗുണഭോക്തൃ വിഹിതം* | *2,44,733 രൂപ* |
| ***പേര്*** | ***തെങ്ങുകൃഷി വികസനം*** | |

തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട് ജൈവവളവിതരണത്തിന് 2021–22 വർഷം പ്രോജക്റ്റ് നടപ്പാക്കി. എല്ലുപൊടിയാണ് നൽകിയത്. 2019 ൽ ജില്ലാതലത്തിൽ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റാണ് നിലനിന്നിരുന്നത്. ഇതു പ്രകാരം ഒരു കിലോ ഗ്രാമിന് 32 രൂപയാണ് വില. എന്നാൽ Fertilizer Central Order (FCO) മാനദണ്ഡപ്രകാരം ഗുണനിലവാരമുള്ള എല്ലുപൊടിക്ക് 38 രൂപയാകും. 2021 ഡിസംബർ മാസത്തിൽ തന്നെ എല്ലുപൊടിയുടെ യൂണിറ്റ് കോസ്റ്റ് ഒരു കിലോഗ്രാമിന് 38 രൂപ ആയി നിശ്ചയിക്കണമെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് കത്തു നൽകിയിരുന്നു. ഈ നിരക്കനുസരിച്ച് തുക ചെലവഴിച്ചു. എന്നാൽ 07.01.2022 ൽ ജില്ലാതലത്തിൽ യൂണിറ്റ് നിരക്ക്

നിശ്ചയിച്ചത് ഒരു കിലോഗ്രാമിന് 36 രൂപയായിട്ടാണ്. ഇതു കാരണം 51,522 രൂപ അധികമായി ചെലവായി. അധികമായി തുക ചെലവഴിച്ചതിനു സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്. വിതരണം ചെയ്ത വളത്തിന്റെ ഗുണനിലവാരം കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര റേഡിയോ ട്രൈസെർ ലാബിൽ പരിശോധിച്ച് ഉറപ്പാക്കിയതാണ്.

**തീരുമാനം: –**

1) പുതിയതായി നിശ്ചയിച്ച യൂണിറ്റ് നിരക്കിനേക്കാൾ അധിക തുക ചെലവഴിച്ചത് വീഴ്ചയാണ് എന്ന് യോഗം വിലയിരുത്തി. ഇനി ഇത്തരം വീഴ്ചകൾ ഉണ്ടാകരുതെന്ന് നിർദ്ദേശിക്കുന്നു.

2) പ്രത്യേകമായി പരിഗണിച്ച് സാധൂകരണം നൽകുന്നു.

**നടപടി :– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.8 <u>ചൂണ്ടൽ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.മണലൂർ എം.എൽ.എയുടെ 01.01.2020 ലെ കത്തും ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.12.2019–ലെ** A6/3596/19–ാം **നമ്പർ കത്തും ചൂണ്ടൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.07.2019 ലെ 1/7–ാം നമ്പർ തീരുമാനവും (SRG 495/**22 **– LSGD AB**3/2/2020/ **– LSGD)**

ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ 13–ാം വാർഡ് പെരുമണ്ണ് പാടശേഖരസമിതിയുടെ മോട്ടോറും അനുബന്ധ സാമഗ്രികളും ചൂണ്ടൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണ്. ഇതിന്റെ വൈദ്യുത കുടിശ്ശിഖ 10,322 രൂപയുണ്ട്. ഇത് അടയ്ക്കണമെന്ന് പാടശേഖര സമിതി ആവശ്യപ്പെട്ടതനുസരിച്ച് ഈ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –**

1) പാടശേഖര സമിതികൾക്ക് മോട്ടോറും മറ്റും വാങ്ങി നൽകുമ്പോൾ അതിന്റെ പരിപാലന ചുമതല പാടശേഖര സമിതിക്കു നൽകേണ്ടതാണ്. ഇതിന്റെ വൈദ്യുത ചാർജ്ജ് അടച്ചതുമായി ബന്ധപ്പെട്ട് 2018–19 ൽ (Auidt Report ഖണ്ഡിക 2.18) ഓഡിറ്റ് കുറിപ്പ് ഉണ്ട്. ഇതിനുശേഷവും മോട്ടോറും അനുബന്ധ സാമഗ്രികളും പാടശേഖരസമിതിയ്ക്ക് കൈമാറാത്തത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വീഴ്ചയാണ് എന്ന് യോഗം നിരീക്ഷിച്ചു.

2) ഈ വർഷം കൂടി മാത്രം തനതു ഫണ്ട് ഉപയോഗിച്ച് തുക നൽകാൻ അനുമതി നൽകുന്നു. ഒപ്പം മോട്ടോറും മറ്റും പാട ശേഖരസമിതിക്ക് കൈമാറി ഇനി മുതലുള്ള പരിപാലനം പാടശേഖര സമിതി തന്നെ നടത്തണമെന്ന് നിർദ്ദേശിക്കുന്നു.

3) 2018–19 ലെ ഓഡിറ്റ് കുറിപ്പിന്മേൽ നടപടിക്കായി വകുപ്പിനു നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി :– തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**

**4.9 <u>മങ്കട ബ്ലോക്ക് പഞ്ചായത്ത്</u>**

**ബഹു.മങ്കട എം.എൽ.എയുടെ 28.02.2022 , 07.04.2022 എന്നീ തീയതികളിലെ കത്തുകളും മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.03.2022 ലെ കത്തും സി.സിയുടെ 18.12.2021, 10.02.2022 തീയതികളിലെ യോഗതീരുമാനങ്ങളും (SRG 493/22 DD2/170/2022-LSGD, SRG 362/22- CC 250/22).**

മങ്കട സാമൂഹ്യാരോഗ്യകേന്ദ്രത്തെ താലൂക്കാശുപത്രിയായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് അറിയിച്ചുകൊണ്ട് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കും വരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും രാത്രികാലത്തേക്ക് ഒരു ഡോക്ടർ, ഒരു ഫാർമസിസ്റ്റ്, ഒരു ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നിവരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. ഇരു പ്രകാരം താലൂക്കാശുപത്രിയായി ഉയർത്തുന്നതു സംബന്ധിച്ച് നടപടിക്രമങ്ങൾ എന്തായി എന്നു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തെ താലൂക്കാശുപത്രിയായി ഉയർത്താൻ തീരുമാനിച്ചിട്ടില്ല എന്ന് 10.02.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചു. ആരോഗ്യ വകുപ്പ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്കു പഞ്ചായത്തിന്റെ ആവശ്യം കോഓർഡിനേഷൻ കമ്മിറ്റി നിരസിച്ചു.

ഈ തീരുമാനം പുനഃപരിശോധിക്കണമെന്നും മങ്കട ഗ്രാമപഞ്ചായത്തിന്റെ കൂടി സഹായത്തോടെ മങ്കട സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ രാത്രികാലത്തേക്ക് 2 ഡോക്ടർ, 1 ഫാർമസിസ്റ്റ്, ഒരു ഗ്രേഡ് II അറ്റൻഡർ എന്നിവരെ നിയമിച്ച് തദ്ദേശഭരണ സ്ഥാപനത്തിൽ നിന്ന് വേതനം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** നിലവിലെ ഉത്തരവനുസരിച്ച് ആരോഗ്യ വകുപ്പ നിയമിക്കുന്ന ഡോക്ടർമാർക്കും പാരാ മെഡിക്കൽ സ്റ്റാഫിനും പുറമെ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ 2 ഡോക്ടറേയും, പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാൻ ഉത്തരവുണ്ട്. അതിനു പുറമെ മുകളിൽ പറഞ്ഞ രീതിയിൽ അധികമായി ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാനുള്ള അനുമതി നിരസിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കൂടി അഭിപ്രായ മാരാഞ്ഞാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം മുൻപ് നിരസിച്ചത് എന്നത് ബ്ലോക്കു പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.10 <u>പനത്തടി ഗ്രാമപഞ്ചായത്ത്</u>**

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2022 ലെ കത്തും പനത്തടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.04.2022 ലെ 1/1-ാം നമ്പർ തീരുമാനവും (SRG 469/22- CC /313/22).**

പനത്തടി ഗ്രാമപഞ്ചായത്തിലെ പാണത്തൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ആരോഗ്യവകുപ്പിൽ നിന്നു നിയമിച്ച ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫിനൊപ്പം ഗ്രാമപഞ്ചായത്തിന്റെ വികസന ഫണ്ടുപയോഗിച്ച് ഒരു ഡോക്ടറേയും രണ്ടു പാരാമെഡിക്കൽ

സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർ, എൻഡോസൾഫാൻ ബാധിതർ എന്നിവർ ഉള്ള പ്രദേശമായതിനാൽ ഇവിടെ കിടത്തി ചികിത്സ പുനരാംരഭിക്കേണ്ടതുണ്ട്. മുകളിൽ പറഞ്ഞവർക്കൊപ്പം ഒന്നു വീതം ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, അറ്റന്റർ എന്നിവരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –** 1) എൻഡോസൾഫാൻ ബാധിതർ ഉള്ള പ്രദേശമായതിനാൽ പ്രത്യേകാനുമതി നൽകുന്നു.

2) കിടത്തി ചികിത്സ ആരംഭിക്കുന്നതിന് കൂടുതൽ ഡോക്ടർമാരേയും മറ്റു സ്റ്റാഫിനേയും നിയമിക്കണമെന്ന ആവശ്യം ആരോഗ്യ വകുപ്പിനു നൽകണം.

**നടപടി :– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.11 <u>ഇളംദേശം ബ്ലോക്ക് പഞ്ചായത്ത്</u>**

**ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 06.04.2022 ലെ കത്ത് (SRG 494/22 – LSGD-DD2 /172/2022 – LSGD)**

ബ്ലോക്കു പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റുപയോഗിച്ച് ഇളംദേശം ക്ഷീരവികസന ഓഫീസിൽ ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –** അനുമതി നിരസിച്ചു.

**നടപടി :– തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.12 <u>മറ്റത്തൂർ ഗ്രാമപഞ്ചായത്ത്</u>**

**മറ്റത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.04.2022 ലെ കത്ത് (SRG 538/22 )**

മറ്റത്തൂർ ഗ്രാമപഞ്ചായത്തിന് പ്രാഥമികാരോഗ്യ കേന്ദ്രമില്ല. കൊടകര ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ പ്രവർത്തിക്കുന്ന സാമൂഹ്യാരോഗ്യ കേന്ദ്രത്തെയാണ് മറ്റത്തൂർ ഗ്രാമപഞ്ചായത്ത് ആശ്രയിക്കുന്നത്. സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ഒരു സിവിൽ സർജന്റെ തസ്തികയും മൂന്ന് അസിസ്റ്റന്റ് സർജന്റെ തസ്തികയുമാണ് ഉള്ളത്. ഇതിൽ സിവിൽ സർജന്റെ തസ്തികയും ഒരു അസിസ്റ്റന്റ് സർജന്റെ തസ്തികയും ഒഴിഞ്ഞു കിടക്കുകയാണ്. ഒരു ദിവസം 300 ഓളം ഒ.പി. ഉള്ള ഈ സ്ഥാപനത്തിനെ 2 പട്ടികവർഗ്ഗ സങ്കേതങ്ങളിലെ കുടുംബങ്ങളും ആശ്രയിക്കുന്നു. മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ മറ്റ് പി.എച്ച്.സി ഇല്ലാത്തതിനാൽ ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും ഗ്രാമപഞ്ചായത്തിന്റെ വിഹിതമുപയോഗിച്ച് കരാറടി സ്ഥാനത്തിൽ ഈ സി.എച്ച്.സിയിൽ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –** മറ്റത്തൂർ ഗ്രാമപഞ്ചായത്തിന് പി.എച്ച്.സി ഇല്ലാത്ത സാഹചര്യത്തിൽ പ്രത്യേകാനുമതി നൽകുന്നു.

**നടപടി :– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.13 **<u>കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ</u>**

**ബഹു. ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പമന്ത്രിയുടെ 18.03.2022-ലെ 621/MCH Edn SJ/22-ാ‍ാം നമ്പർ കത്തും 03.06.2022 ലെ 802/2022/M(H Edn. & SJ) നമ്പർ കത്തും 10.02.2022 ലെ സി.സി. യോഗ തീരുമാനവും (ഖണ്ഡിക 4.63) (SRG 436/22 - LSGD - FM2/75/ 2022- LSGD)**

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന നടപ്പാക്കുന്ന വി-കെയർ പദ്ധതിക്ക് ഗ്രാമപഞ്ചായത്ത് 5.00 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും 10.00 ലക്ഷം രൂപ, ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും 25.00 ലക്ഷം രൂപ എന്നീ ക്രമത്തിൽ സംഭാവന ചെയ്യുന്നതിന് 06.05.2013 ലെ 1209/2013/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഈ ഉത്തരവ് പുതുക്കി തുടർന്നും ഈ നിരക്കിൽ തുക നൽകണമെന്ന് സോഷ്യൽ സെക്യൂരിറ്റി മിഷൻ ആവശ്യപ്പെട്ടിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ലെ യോഗം പരിഗണിച്ചു. ധനസഹായം സ്വീകരിക്കുന്ന അർഹതപ്പെട്ട രോഗികളുള്ള നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും രോഗികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ KSSM—ന് വിഹിതം നൽകാവുന്നതാണ് എന്ന് യോഗം നിർദ്ദേശിച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന വിഹിതം അതതു തദ്ദേശഭരണസ്ഥാപനങ്ങളിലെ രോഗികൾക്ക് കിട്ടുന്നുണ്ട് എന്നുറപ്പാക്കണമെന്നും കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ചു.

ഇത് പ്രായോഗികമായി ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് ചൂണ്ടികാണിച്ചുകൊണ്ട് 2013-ലെ ഉത്തരവു പ്രകാരമുള്ള രീതി തുടരണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം: -** 06.05.2013 ലെ 1209/2013/തസ്വഭവ നമ്പർ ഉത്തരവിലെ നിരക്കിൽ തനതു ഫണ്ട്/ വികസനഫണ്ട് (പൊതുവിഭാഗം) ൽ നിന്ന് തുക നൽകാൻ യഥേഷ്ടാനുമതി നൽകുന്നു. 10.02.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ നിർദ്ദേശിച്ച നിബന്ധനകൾക്ക് ഇളവു നൽകുന്നു. 06.05.2013 - ലെ ഉത്തരവിന്റെയും ഇന്നത്തെ യോഗതീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിനുള്ള കരട് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കി നൽകണം.

**നടപടി :- 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

4.14 **<u>കൊല്ലം കോർപ്പറേഷൻ</u>**

**കൊല്ലം മേയറുടെ 15.02.2022 ലെ കത്തും കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.03.2022, 19.03.22 എന്നീ തീയതികളിലെ കത്തുകളും (SRG 382/22 – LSGD – DA1/71/2022/LSGD, SRG 395/22 – CC/242/22, SRG 398/22 CC/240/22)**

താഴെ പറയുന്ന പ്രോജക്ടുകൾ 2021-22 വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഈ പ്രോജക്ടു നടപ്പാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

(i)

| പ്രോ.നം: 378/22 | അടങ്കൽ | 25,00,000 രൂപ (തനത് ഫണ്ട്) |
| --- | --- | --- |
| പേര് | ക്യാൻസർ രോഗികൾക്ക് അനുപൂരക പോഷകാഹാരം, യാത്രാപ്പടി, മരുന്ന് | |

വാർഷിക വരുമാനം 1.00 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബത്തിലെ ക്യാൻസർ രോഗികൾക്ക് IMA യുമായി സഹകരിച്ച് പോഷകാഹാരം, ആശുപത്രിയിൽ പോകുന്നതിന് യാത്രാ ചെലവ്, കീമോ തെറാപ്പി ചെയ്യുന്നതിന് മരുന്നിന്റെ വില നൽകൽ എന്നിവയുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –**

1) അനുമതി നിരസിച്ചു. കാരുണ്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്നവർക്ക് ഒരു വർഷം 5.00 ലക്ഷം രൂപവരെ എല്ലാ ചികിത്സയും സൗജന്യമാണ്. കൂടാതെ ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ സംബന്ധമായ രോഗം, കരൾ സംബന്ധമായ രോഗം ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയുടെ ചികിത്സയ്ക്കും ശസ്ത്രക്രിയക്കും കാരുണ്യ ബെനവലന്റ് സ്കീം ഉണ്ട്. ഇതനുസരിച്ച് 3.00 ലക്ഷം രൂപയിൽ കുറവു വരുമാനമുള്ളവർക്ക് 2.00 ലക്ഷം രൂപ വരെ ചികിത്സ സൗജന്യമാണ് എന്ന് യോഗം നിരീക്ഷിച്ചു. ഈ സാധ്യത അർഹമായവർക്ക് ലഭ്യമാക്കി ഉപയോഗിക്കാൻ നടപടി സ്വീകരിക്കണം.

2) രോഗികൾക്ക് പാകം ചെയ്ത പോഷകാഹാരം നൽകുന്നതിന് പ്രത്യേകാനുമതി നൽകുന്നു.

**നടപടി :– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(ii)

| പ്രോ.നം: 899/22 | അടങ്കൽ | 22,00,000 രൂപ (വികസനഫണ്ട് ജനറൽ) |
| --- | --- | --- |
| പേര് | കോർപ്പറേഷൻ കൗൺസിലർമാർക്ക് ലാപ് ടോപ്പ് | |

കോർപ്പറേഷനിലെ 55 കൗൺസിലർമാർക്ക് ലാപ് ടോപ് വാങ്ങി നൽകാനുള്ളതാണ് പ്രോജക്ട്. കൗൺസിൽ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ലാപ് ടോപ്പ് തിരികെ വാങ്ങുന്നതിന് ഉദ്ദേശിക്കുന്നു. ലാപ് ടോപ് വാങ്ങാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –** 1) അനുമതി നിരസിച്ചു

2) തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്ക് ലാപ് ടോപ് നൽകാൻ 11.03.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഓരോ അംഗത്തിനും 30,000 രൂപ തനതു ഫണ്ടിൽ നിന്ന് മുൻകൂറായി നൽകി പിന്നീട് 15 തുല്യ ഗഡുക്കളായി അംഗങ്ങളുടെ ഓണറേറിയത്തിൽ നിന്നു തിരിച്ചു പിടിക്കുന്ന രീതിയിലാണ് പ്രോജക്ട് നടപ്പാക്കിയത്. ഇതേ രീതി അവലംബിക്കാം.

**നടപടി :– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

(iii)

| | | |
|---|---|---|
| ***പ്രോ.നം: 906/22*** | ***അടങ്കൽ*** | ***25,00,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | ***കൊല്ലം കോർപ്പറേഷനിൽ വാഹനം വാങ്ങൽ*** | |

വാഹനം വാങ്ങുന്നതിനു വേണ്ടിയുള്ള ഈ പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :–** നിലവിലെ സബ്സിഡി – ധനസഹായ മാർഗ്ഗരേഖ പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു. ഒപ്പം പൊതു തീരുമാനം ഖണ്ഡിക 1 ലെ ഭേദഗതിയും പാലിക്കേണ്ടതാണ്.

**നടപടി :– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.15 <u>കാമാക്ഷി ഗ്രാമപഞ്ചായത്ത്</u>**

**കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.05.2022 ലെ** A4-4140/21-ാം **നമ്പർ കത്തും ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.03.2022 ലെ കത്തും (SRG 357/**22 – **CC/**233/**22).**

| | | |
|---|---|---|
| ***പ്രോ.നം: 106/21*** | ***അടങ്കൽ*** | ***20,00,000 രൂപ*** |
| | *സി.എഫ്.സി– ബെയ്സിക് ഗ്രാന്റ്* | *10,00,000 രൂപ* |
| | *വികസന ഫണ്ട്– ജനറൽ* | *4,13,680 രൂപ* |
| | *തനത് ഫണ്ട്* | *5,86,320 രൂപ* |
| ***പേര് :*** | ***മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥലം വാങ്ങൽ*** | |

കാമാക്ഷി ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാന്റ് സ്ഥിതി ചെയ്യുന്നത് തങ്കമണിയിലാണ്. ബസ് സ്റ്റാന്റിലേക്ക് ബസ്സുകൾ കയറി ഇറങ്ങുന്നതിന് മതിയായ സ്ഥല സൗകര്യം ഇല്ല. ബസ്സുകൾ ബസ് സ്റ്റാന്റിൽ കയറാത്തതിനാൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ ലേലത്തിന് പോകുന്നില്ല. ബസ് സ്റ്റാന്റിലേക്ക് കയറി ഇറങ്ങാൻ സൗകര്യമൊരുക്കുന്നതിന് ജിജി മോൾ തോമസ്, വേഴമ്പശ്ശേരിൽ എന്നയാളുടെ 02.28 ആർ സ്ഥലം (സർവ്വേ നമ്പർ 257/16 PT2, 257/17PT2, 257/39PT1) വാങ്ങാനുദ്ദേശിക്കുന്നു. സ്ഥലമുടമയുമായി ചർച്ച ചെയ്തു. വില്ലേജ് ഓഫീസറുടെ വാല്യുവേഷൻ പ്രകാരം ഈ സ്ഥലത്തിന്റെ വില 9,04,907 രൂപയാണ്. സ്ഥലമുടമ

ആവശ്യപ്പെടുന്നത് 45.00 ലക്ഷം രൂപയാണ്. വില്ലേജ് ഓഫീസർ നിശ്ചയിച്ച തുകയോടൊപ്പം 30 ശതമാനം കൂടി (സൊലേഷ്യം) ചേർത്താലും സ്ഥലമുടമ ആവശ്യപ്പെടുന്നതിനേക്കാൾ വളരെ കുറവാണ്. അതിനാൽ സ്ഥലമുടമ ആവശ്യപ്പെടുന്ന 45.00 ലക്ഷം രൂപയ്ക്ക് സ്ഥലം വാങ്ങാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-**

1) ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കും.

2) ഈ പ്രോജക്ട് ഉല്പാദന മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത്തരം പ്രോജക്ടുകൾ ഉല്പാദന മേഖലയിൽ ഉൾപ്പെടുത്താവുന്നതല്ല എന്നു നിർദ്ദേശിക്കുന്നു.

**നടപടി :- 1) പഞ്ചായത്ത് ഡയറക്ടർ**

**2)തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ്**

**4.16 <u>പരപ്പ ബ്ലോക്ക് പഞ്ചായത്ത്</u>**

**കാസർകോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.03.22 ലെ കത്ത് (SRG 363/22 – CC/251/2022)**

ബ്ലോക്ക് പഞ്ചായത്തു പരിധിയിലെ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിൽ ബിരിക്കുളം എന്ന സ്ഥലത്ത് ഒരു തൊഴിൽ സംരംഭം തുടങ്ങാൻ ഉദ്ദേശിക്കുന്നു. കാസർകോട് വികസന പാക്കേജിൽ നിന്നും ഫണ്ട് കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനാണ് ലക്ഷ്യം. കുടുംബശ്രീ മിഷൻ, ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ഫണ്ട് കണ്ടെത്തി യന്ത്രോപകരണങ്ങൾ, മറ്റ് പ്രവർത്തനം എന്നിവ നടത്താനും ഉദ്ദേശിക്കുന്നു. ഭാവിയിൽ ഇത് വനിതകൾക്കുള്ള അപ്പാരൽ ഡിസൈനിംഗ് ഇൻസ്റ്റിറ്റ്യൂട്ടായി മാറ്റാനാണ് ലക്ഷ്യം. 50 വനിതകൾക്ക് നേരിട്ടും 60 പേർക്ക് പരോക്ഷമായും തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷ.

ഈ സ്ഥാപനം തുടങ്ങുന്നതിന് പരപ്പ വില്ലേജിൽ സർവ്വേ നം.155-ൽ 20.32 ആർ (50 സെന്റ്) സർക്കാർ ഭൂമി പാട്ടത്തിനെടുക്കാനുള്ള നടപടി പുരോഗമിക്കുന്നു. അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്. 30 വർഷക്കാലത്തേക്ക് പാട്ടത്തിനെടുക്കുന്ന ഭൂമിക്ക് ആകെ പാട്ടത്തുക 14,56,560/- രൂപയാണ്. വാർഷിക പാട്ടതുക 48,552/- രൂപ. ഈ തുക വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –** DPR സഹിതം നൽകാൻ നിർദ്ദേശിക്കുന്നു. ഇതു കൂടി ലഭിച്ചതിനുശേഷം പരിഗണിക്കുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

**4.17 <u>പിറവം മുനിസിപ്പാലിറ്റി</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.03.2022 ലെ കത്തുകളും (2 എണ്ണം) അനുബന്ധ രേഖകളും (SRG 416/22 – CC/249/2022 )**

പിറവം നഗരസഭയിലെ 20-ാം വാർഡിൽ ഇട്ട്യാർമല പുളിന്താനം എസ്.സി റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ശ്രീ.രാജീവ് പുതുശ്ശേരികുഴിയിൽ എന്നയാളുടെ പുരയിടത്തിന്റെ സംരക്ഷണ ഭിത്തിയായിരുന്ന കയ്യാല പൊളിച്ചുമാറ്റി. ഇദ്ദേഹം റോഡു നിർമ്മാണത്തിനു സൗജന്യമായാണ് സ്ഥലം വിട്ടു നൽകിയത്. നിർമ്മാണ ശേഷം കയ്യാല കെട്ടി നൽകാമെന്ന്

അറിയിച്ചിരുന്നതാണെന്ന് സ്ഥലമുടമ അറിയിച്ചിട്ടുണ്ട്. വീട്ടു നിൽക്കുന്ന സ്ഥലം ആകെ 6 സെന്റുമാത്രമേയുള്ളു എന്നും റോഡിൽ നിന്ന് 7 അടി ഉയരത്തിലാണ് വീടെന്നും സ്ഥലമുടമ കത്തു നൽകിയിട്ടുണ്ട്. സ്ഥലമുടമ പൊതു വിഭാഗത്തിൽപ്പെട്ടയാളായതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ചു നൽകാൻ പ്രത്യേക അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: -** 1) സ്ഥലം സൗജന്യമായി വിട്ടു നൽകിയ സ്ഥിതിക്ക് അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.18 <u>ആവോലി ഗ്രാമപഞ്ചായത്ത്</u>**

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 207.05.2022 ലെ കത്തും ആവോലി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 06.04.2022 ലെ 6 (5) –ാം നമ്പർ തീരുമാനവും (SRG 506/22 – CC/325/2022).**

| | | |
|---|---|---|
| ***പ്രോ.നം:*** 265/22 | ***അടങ്കൽ*** | ***1,50,000 രൂപ*** *(തനത് ഫണ്ട്)* |
| ***പേര്*** | ***എല്ലുവിച്ചിറ കോളനി സംരക്ഷണ ഭിത്തി നിർമ്മാണം*** | |

ആവോലി ഗ്രാമപഞ്ചായത്തിലെ 7–ാം വാർഡിലെ എല്ലുവിച്ചിറ രണ്ട് സെന്റ് കോളനിയിൽ 110 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. റോഡ് നിരപ്പിൽ നിന്ന് ഉയരത്തിലാണ് ഈ കോളനി. പലപ്പോഴും മണ്ണിടിച്ചിൽ ഉണ്ട്. കോളനിയിൽ താമസിക്കുന്ന ശ്രീ. സഹദേവൻ കളത്തിൽ എന്നയാളുടെ വീടിന്റെ സംരക്ഷണഭിത്തി ഇടിഞ്ഞ് തൊട്ടുതാഴെയുള്ള ശ്രീമതി. നന്ദിനികുഞ്ഞ്, താണിക്കുന്നേൽ എന്നയാളുടെ വീടിന് മുകളിലേക്ക് വീഴുന്ന അവസ്ഥയിലാണ്. ഇവർ പൊതു വിഭാഗത്തിൽപ്പെടുന്നവരാണ്. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരുമാണ്. ശ്രീ.സഹദേവൻ, ശ്രീമതി. നന്ദിനികുഞ്ഞ് എന്നിവരുടെ വീടിനു നാശം സംഭവിക്കാതിരിക്കാൻ ഇവിടെ സംരക്ഷണഭിത്തി കെട്ടാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 1) സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരായതിനാലും വീട് അപകടാവസ്ഥ യിലായതിനാലും പ്രത്യേകാനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.19 <u>മൊകേരി ഗ്രാമപഞ്ചായത്ത്</u>**

**മൊകേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും മൊകേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.12.2021 ലെ 273/2021–ാം നമ്പർ തീരുമാനവും 26.03.2022 – ലെ DB2/100/2022/LSGD–നമ്പർ സർക്കാർ <u>കത്തും</u> (SRG 442/22)**

മൊകേരി ഗ്രാമപഞ്ചായത്തിൽ ഒരു കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് 4.00 കോടി രൂപ 2021–22 വാർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. കൺവെൻഷൻ സെന്ററിന്റെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്തു വാങ്ങി നൽകണം.

സ്ഥലം വിട്ടുതരാൻ താല്പര്യമുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ച പ്രകാരം അനുയോജ്യമായ 40.08 ആർ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഈ സ്ഥലം പൂർണ്ണമായും സംഭാവനയായി ഉടമസ്ഥർ വിട്ടുതരില്ല. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നു സംഭാവന പ്രതീക്ഷിക്കുന്നു. ഒപ്പം ത്രിതല തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും വിഹിതം സ്വീകരിക്കാനുമുദ്ദേശിക്കുന്നു. ജില്ലാ പഞ്ചായത്ത് 10.00 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് 5.00 ലക്ഷം രൂപ, ഗ്രാമപഞ്ചായത്ത് 3.00 ലക്ഷം രൂപ എന്നീ നിരക്കിൽ ത്രിതല തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും വിഹിതം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ നിരക്കിൽ വിഹിതം നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഈ വർഷം സംസ്ഥാന ബഡ്ജറ്റിൽ കൺവെൻഷൻ സെന്ററിനു തുകവരുത്തിയിട്ടില്ല എന്നു യോഗം വിലയിരുത്തി. കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് ധനസ്രോതസ്സ് ഉറപ്പാക്കി വിശദമായ പ്രോജക്ട റിപ്പോർട്ട് തയ്യാറാക്കിയതിനുശേഷം സ്ഥലം വാങ്ങിയാൽ മതിയെന്നു നിർദ്ദേശിക്കുന്നു. ഈ നടപടികൾ പൂർത്തിയാക്കിയതിനുശേഷം ജില്ലാ ആസൂത്രണ സമിതി മുഖേന തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ചു ചേർത്ത് ഫണ്ടു വകയിരുത്തുന്നതിന് ജില്ലാ തലത്തിൽ തന്നെ തീരുമാന മെടുക്കാവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.20 <u>കണ്ണൂർ ജില്ലാ പഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 04.12.2021 ലെ DPKNR/P/Misc -05/2021-ാം നമ്പർ കത്തും സർക്കാരിന്റെ 14.03.2022 ലെ DA1/336/2021/തസ്വഭവ സർക്കാർ കത്തും (SRG 431/2**2)

സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷം 17.08.2021 മുതൽ ആരംഭിച്ചു. 'രജതം 2021' എന്ന പേരിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 1,79,741 രൂപയുടെ ബിൽതുക ഇതിനകം നൽകാനുണ്ട്. 95,741 രൂപ ചെലവഴിച്ചു. ആകെ പ്രതീക്ഷിക്കുന്ന ചെലവ് 6.60 ലക്ഷം രൂപയാണ്. രജത ജൂബിലി ആഘോഷത്തിന് സർക്കാർ ഉത്തരവുപ്രകാരം ജില്ലാ പഞ്ചായത്തിനു ചെലവഴിക്കാവുന്ന തുക75,000 രൂപയാണ്. (തനതുഫണ്ട് അല്ലെങ്കിൽ വികസന ഫണ്ട്) ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയിരിക്കുന്ന എസ്റ്റിമേറ്റ് പ്രകാരം 6.60 ലക്ഷം രൂപ തനതു ഫണ്ടിൽ നിന്നു ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ക്ഷണകത്ത്, സ്റ്റേജ് ഡെക്കറേഷൻ, ബാനർ, ഭക്ഷണം, മെമെന്റോ, ഫോട്ടോ / വീഡിയോ, സ്മരണിക, വിവിധയോഗങ്ങൾ, സമാപനപരിപാടി എന്നീ ഇനത്തിലാണ് മുകളിൽ പറഞ്ഞ 6.60 ലക്ഷം രൂപ ചെലവായി കണക്കാക്കിയിരിക്കുന്നത്.

**തീരുമാനം: –** തനതുഫണ്ട് ഉപയോഗിക്കുന്നതിനു പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.21 <u>തിരുവനന്തപുരം കോർപ്പറേഷൻ</u>**

**തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 10.03.2022 ലെ** J1/52096/21**–ാം നമ്പർ കത്തും തിരുവനന്തപുരം നഗരസഭ കോർപ്പറേഷൻ കൗൺസിലിന്റെ 22.02.2022 3**(A) **3–ാം നമ്പർ തീരുമാനവും 26.04.2022 ലെ** DA1/105/2022/**തസ്വഭവ നമ്പർ സർക്കാർ കത്തും (SRG 539/2**2 )

ജനകീയാസൂത്രണ പദ്ധതിയുടെ രജത ജൂബിലി ആഘോഷങ്ങൾ 2021 ആഗസ്റ്റ് 17–ന് ഉത്ഘാടനം ചെയ്തു. നഗരസഭ ആഘോഷങ്ങൾ സംഘടിപ്പിക്കുകയും തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ പ്രദർശനം ഒരുക്കുകയും ചെയ്തു. 10.08.2021 ലെ 1508/21/തസ്വഭവ ഉത്തരവു പ്രകാരം രജത ജൂബിലി ആഘോഷങ്ങൾക്കായി പരമാവധി 1.50 ലക്ഷം രൂപയാണ് കോർപ്പറേഷന് ചെലവഴിക്കാവുന്നത്. (തനതുഫണ്ട് അല്ലെങ്കിൽ വികസന ഫണ്ട്) എന്നാൽ ഉത്ഘാടന ചെലവുകൾക്കായി നഗരസഭ 8,42,815 രൂപ തനതു ഫണ്ടിൽ നിന്ന് ചെലവഴിച്ചു. അധികമായി ചെലവഴിച്ച തുകയ്ക്ക് സാധൂകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –** പ്രത്യേകമായി പരിഗണിച്ച് സാധൂകരണം നൽകുന്നു.

**നടപടി :– തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.22 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.05.2022 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായ ത്ത് സെക്രട്ടറിയുടെ 06.04.2022 ലെ** DPT/C4-01/2021**–ാം നമ്പർ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 11.02.2022 ലെ 9–ാം നമ്പർ തീരുമാനവും (SRG 526/22 – CC 342/22, SRG 502/22).**

വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഇന്റർനെറ്റ് വാടക നൽകുന്നതിന് കഴിഞ്ഞ വർഷം സർക്കാർ അനുമതി നൽകിയിരുന്നു. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളിലേക്ക് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിച്ച് വൈഫൈ സൗകര്യം പല സ്ഥലങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ വാടക ജില്ലാ പഞ്ചായത്താണ് നൽകേണ്ടത്. സർക്കാർ ഉത്തരവു പ്രകാരം കഴിഞ്ഞ വർഷം മാത്രമാണ് ഇന്റർനെറ്റിന്റെ വാടക നൽകാൻ പറഞ്ഞിരുന്നത്. ഓൺലൈൻ പഠനത്തിന് മുടക്കമുണ്ടാകാതിരിക്കാൻ തുടർന്നുള്ള വർഷങ്ങളിലും ഇന്റർനെറ്റ് വാടക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –** പട്ടികവർഗ്ഗ സങ്കേതങ്ങളിലായതിനാൽ അനുമതി നൽകുന്നു.

**നടപടി :– തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.23 <u>ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്</u>

**കാസർഗോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2022 ലെ കത്തും ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.07.2022 ലെ 11/2022-ാം നമ്പർ കത്തും (SRG 473/22 – CC/266/2022).**

| *പ്രോ.നം: 79/21* | *അടങ്കൽ* | *9,00,000 രൂപ (തനത് ഫണ്ട്)* |
|---|---|---|
| *പേര്* | *പഞ്ചായത്ത് ഓഫീസ് റൂഫിംഗ്* | |

ഈ പ്രോജക്ട് 2020-21 വാർഷിക പദ്ധതിയിൽ ഉണ്ടായിരുന്നതാണ്. ഇ-ടെണ്ടർ ചെയ്തെങ്കിലും ആരും പ്രവൃത്തി ഏറ്റെടുത്തില്ല. ഇത് 2021-22 വർഷം 153/22-ാം നമ്പർ പ്രകാരം സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തിയിരുന്നു. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന Poly Carbonate Multi Wall Plain Sheet എന്ന റൂഫിംഗ് ഷീറ്റിന് DSR പ്രകാരം 672.51 രൂപയാണ് (GST കൂടാതെ). ഈ തുക അപര്യാപ്തമായതുകൊണ്ടാണ് ആരും ടെണ്ടറിൽ പങ്കെടുക്കാതിരുന്നത്. അതിനാൽ മുകളിൽ പറഞ്ഞ ഷീറ്റിനുപകരം കൂടുതൽ ഈടു നിൽക്കുന്ന Poly Carbonite Cristal Multi Wall Solid Plain Sheet 2.00 mm.റൂഫിംഗിനായി ഉൾപ്പെടുത്തി ഒബ്സേർവ്ഡ് ഡാറ്റാ പ്രകാരം എസ്റ്റിമേറ്റ് പുനക്രമീകരിച്ച് പ്രോജക്ട് നടപ്പാക്കാനുദ്ദേശിക്കുന്നു. ഒബ്സേർവ്ഡ് ഡേറ്റ പ്രകാരം 1100/M2 ആണ് വില. ഈ നിരക്ക് **DSR-ൽ** ഇല്ല എന്നറിയിച്ചിട്ടുണ്ട്. ഇതിനായി തയ്യാറാക്കിയിരിക്കുന്ന ഒബ്സേർവ്ഡ് ഡാറ്റ അംഗീകരിച്ച് നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –**

1) Observed Data പരിശോധിച്ച് തീരുമാനമെടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

2) ഈ പ്രോജക്ട് ടെണ്ടർ ചെയ്യുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്യാത്ത സാഹചര്യത്തിൽ സ്പിൽ ഓവറായി നില നിർത്തേണ്ടതില്ല എന്ന് നിർദ്ദേശിക്കുന്നു. പുതിയ പ്രോജക്ടായി എടുക്കാവുന്നതാണ്.

**നടപടി :– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.24 <u>വലിയ പറമ്പ ഗ്രാമപഞ്ചായത്ത്</u>

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.22 ലെ കത്തും വലിയ പറമ്പ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.03.2022 ലെ 2/22-ാം നമ്പർ തീരുമാനവും (SRG 470/22 – CC/302/2022).**

വലിയപറമ്പ കുടുംബാരോഗ്യ കേന്ദ്രത്തിന് **MLASDF** ൽ നിന്ന് പുതിയതായി ഒരു ആംബുലൻസ് ലഭിച്ചിട്ടുണ്ട്. ഈ ആംബുലൻസിന്റെ ഡ്രൈവർക്ക് വേതനം, ഡീസൽ, മെയിന്റനൻസ് എന്നിവയ്ക്കായി എച്ച്.എം.സി ഫണ്ട് അപര്യാപ്തമാണ്. ഗ്രാമപഞ്ചായത്തിനു തനത് ഫണ്ട് മിച്ചമില്ല. അതിനാൽ ഈ ചെലവു കണ്ടെത്തുന്നതിന് വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –** വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് HMC ഫണ്ട് അപര്യാപ്തമാകുന്ന സാഹചര്യത്തിൽ തനതുഫണ്ടോ വികസനഫണ്ടോ (ജനറൽ) ഉപയോഗിക്കാൻ പ്രത്യേകാനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.25 <u>പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്</u>**

**ഗ്രാമവികസന കമ്മീഷണറുടെ 20.04.2022 ലെ 1706/DP4/2022/CRD നമ്പർ കത്തും പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 21.12.2021 ലെ കത്തും (SRG 467/22).**

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് 2.00 ലക്ഷം രൂപയാണ് പഠനമുറിക്ക് നൽകാവുന്നത്. ആദ്യഗഡുവായി 50,000 രൂപയും ശേഷിക്കുന്ന തുക പ്രവൃത്തിയുടെ പുരോഗതി അനുസരിച്ച് 75,000 രൂപയുടെ രണ്ടു ഗഡുക്കളായും ആണ് നൽകുന്നത്. 28.01.2020 ലെ 221/2020/തസ്വഭവ ഉത്തരവുപ്രകാരം ഈ പ്രവൃത്തിയുടെ വാല്യുവേഷൻ നടത്തേണ്ടത് ബന്ധപ്പെട്ട അസി.എഞ്ചിനീയറാണ്. പിന്നീട് 22.06.2020 ലെ 1216/2020/തസ്വഭവ ഉത്തരവു പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർ / ഓവർസീയർ വേണം പ്രവർത്തിയുടെ വാല്യുവേഷൻ നടത്തേണ്ടതെന്ന് പറയുന്നുണ്ട്. വാല്യുവേഷൻ നടത്തേണ്ടത് ബന്ധപ്പെട്ട എഞ്ചിനീയർ ആണോ ഓവർസീയർ ആണോ എന്നു വ്യക്തമാക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം: –**

1) ഇതിനകം വാല്യുവേഷൻ നടന്നിട്ടുണ്ടെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട എഞ്ചിനീയറോ ഓവർസിയറോ നടത്തുന്ന വാല്യുവേഷൻ സ്വീകരിക്കാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകുന്നു.
2) എന്നാൽ ഇനി മുതൽ വാല്യുവേഷൻ നടത്തുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.26 <u>മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.04.2022- ലെ കത്തും മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 25.03.2022 ലെ എ1/235/22-ാം നമ്പർ കുറിപ്പും അനുബന്ധ രേഖകളും, തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 24.03.2017 ലെ G5-33262/16-ാം നമ്പർ നടപടി ഉത്തരവും (SRG 460/22 – CC/282/22).**

പട്ടികജാതി വിഭാഗക്കാരുടെ നിയന്ത്രണത്തിലുള്ളതും പരമ്പരാഗതമായി ആരാധന നടത്തിവരുന്നതുമായ ക്ഷേത്രങ്ങളും കാവുകളും സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും പട്ടിക ജാതി വികസന വകുപ്പ് ധനസഹായം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ ആക്കോടിക്കാവ് ഭഗവതി ക്ഷേത്രത്തിന്റെ മേൽക്കൂര, മതിൽ, ആൽത്തറ, ഓഫീസ് മുറി എന്നിവ പണിയുന്നതിന് 4.90 ലക്ഷം രൂപ 24.03.2017 ൽ തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക്

അനുവദിച്ചു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി. എന്നാൽ 2017 മെയ്1-നകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന് ക്ഷേത്രം തന്ത്രി നിർദ്ദേശിച്ച പ്രകാരം ക്ഷേത്ര കമ്മിറ്റി ഭാരവാഹികൾ നിർമ്മാണം പൂർത്തിയാക്കി. സാങ്കേതികാനുമതി വാങ്ങുകയോ ടെണ്ടർ നടപടി സ്വീകരിക്കുകയോ ചെയ്തില്ല. ഈ പ്രവൃത്തിക്ക് രണ്ടര ലക്ഷത്തോളം രൂപ ചെലവായി എന്ന് ക്ഷേത്ര കമ്മിറ്റി അറിയിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരമുള്ള തുക 3,71,419 രൂപയാണ്.

നടപടിക്രമങ്ങൾ പാലിക്കാതെ നടപ്പിലാക്കിയ നവീകരണ പ്രവൃത്തിക്ക് ചെലവായ തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതു പരിശോധിച്ച് നടപടി സ്വീകരിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.27 <u>വെള്ളൂർ ഗ്രാമപഞ്ചായത്ത്</u>**

**വെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.04.2022 ലെ A3-4139/22-ാം നമ്പർ കത്തും വെള്ളൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06.04.2022 ലെ 3(1)-ാം നമ്പർ തീരുമാനവും 14.01.2022 ലെ 19(1)-ാം നമ്പർ തീരുമാനവും (SRG 511/22)**

**i)** KWA-ക്ക് 2014-15 മുതൽ 2019-20 വരെ വിവിധ പ്രവൃത്തികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം ബാക്കി തുകയായി 18,67,732 രൂപ 26.02.2022 ൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചു. മൂവാറ്റുപുഴയാറിലെ മണൽ ഖനനം 2015 മെയ് മാസത്തോടെ നിർത്തിയതിനാലും HNL – ൽ നിന്നു ലഭിക്കുന്ന നികുതി കുറഞ്ഞതിനാലും തനതുഫണ്ടു വളരെയധികം കുറഞ്ഞു. അതിനാൽ KWA തിരികെ നൽകിയ തുക തനതു ഫണ്ടിലേക്ക് മാറ്റാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. KWA യിലേയ്ക്ക് അടച്ച വിഹിതം വികസനഫണ്ടായിരുന്നുവെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**തീരുമാനം:-** KWA യിലേക്ക് അടച്ച വിഹിതം വികസനഫണ്ടായതിനാൽ തനതു ഫണ്ട് ഗണത്തിലേക്ക് മാറ്റാവുന്നതല്ല. എന്നാൽ ഇത് KWA-യുടെ മറ്റ് കുടിവെള്ള പ്രോജക്ടിനോ ജലജീവൻ പദ്ധതിക്ക് തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതമായോ ഉപയോഗിക്കാവു ന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**ii)** ii) വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനതു ഫണ്ടു സ്രോതസ്സ് HNL ആയിരുന്നു. 2021-22 വരെ 66,59,024 രൂപ HNL വസ്തു നികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിനു നൽകാനുണ്ട്. റവന്യൂ റിക്കവറി നടപടികൾ എടുത്തെങ്കിലും കുടിശ്ശിക പിരിഞ്ഞു കിട്ടുന്നില്ല. ഇപ്പോൾ HNL സംസ്ഥാന സർക്കാർ ഏറ്റെടുത്ത് Kerala Paper Products Ltd (KPPL) ആയി പ്രവർത്തിക്കുകയാണ്. ഈ സാഹചര്യത്തിൽ HNL നൽകേണ്ട നികുതി കുടിശിക സംസ്ഥാന സർക്കാർ നൽകാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-** ഇത് പരിഗണനയ്ക്കായി വ്യവസായ വകുപ്പിനു നൽകാൻ ഗ്രാമപഞ്ചായത്തിനോട് നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.28 <u>പള്ളിക്കര ഗ്രാമപഞ്ചായത്ത്</u>**

**കാസർകോട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.03.2022 ലെ കത്ത് (SRG 365/22 – CC/656/2021)**

| | | |
|---|---|---|
| ***പ്രോ.നം: 113/22*** | ***അടങ്കൽ*** | ***1,68,721 രൂപ*** |
| | *വികസനഫണ്ട് ജനറൽ* | *68,721 രൂപ* |
| | *തനത് ഫണ്ട്* | *1,00,000 രൂപ)* |
| ***പേര്*** | ***വിശപ്പുരഹിത കേരളം- ജനകീയ ഹോട്ടൽ*** | |

വിശപ്പുരഹിത കേരളം പദ്ധതിയിൽ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ രണ്ടു ജനകീയ ഹോട്ടൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഹോട്ടലുകളിൽ ഒരു ഊണിന് 5 രൂപ പ്രകാരം ഒരു ഹോട്ടലിന് ഒരു വർഷം പരമാവധി 50,000 രൂപ നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** കുടുംബശ്രീയടക്കം മറ്റ് വകുപ്പുകളുടെ സഹായം ജനകീയ ഹോട്ടലുകൾക്ക് ലഭിക്കുന്ന സാഹചര്യത്തിൽ ഈ ആവശ്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കും.

**നടപടി :- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**
**2)തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

**4.29 <u>കൊല്ലം ജില്ലാ ആസൂത്രണ സമിതി</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.03.2022, 19.03.22 എന്നീ തീയതികളിലെ കത്തുകളും (2എണ്ണം)കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 08.03.22 ലെ കത്തും (SRG 356/21 – CC/244/2022)**

ജില്ലയിൽ 10 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാവർക്കും ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെ കുറിച്ച് അവബോധം നൽകുന്നതിന് വേണ്ടി “ദി സിറ്റിസൺ 2022” എന്ന പേരിൽ പ്രോജക്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കൊല്ലം ജില്ലാ ആസൂത്രണ സമിതിയും ജില്ലാ പഞ്ചായത്തും കിലയും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. ഭരണഘടനയെക്കുറിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നു തെരഞ്ഞെടുത്ത വ്യക്തികൾക്ക് കില പരിശീലനം നൽകും. പരിശീലനം ലഭിച്ചവർ കുടുംബങ്ങൾക്ക് ക്ലാസ്സുകൾ നൽകും. പഠനം പൂർത്തിയാക്കുന്ന ഓരോ കുടുംബവും ഭരണഘടനയുടെ ആമുഖം വീടുകളിൽ ആലേഖനം ചെയ്തു സ്ഥാപിക്കും. ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുമായി ചേർന്നാണ് പ്രോജക്ടു നടപ്പാക്കുന്നത്. ഈ പരിപാടിക്കായി ആകെ 308.00 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ സംയുക്തമായി

നടപ്പാക്കുന്ന ഈ പ്രോജക്റ്റിന് താഴെ പറയും പ്രകാരം വികസന ഫണ്ട്/തനതു ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഭരണഘടനയുടെയും പ്രീയാമ്പിളിന്റെയും അച്ചടി, പഠനസാമഗ്രികൾ, സെനറ്റർമാർക്ക് ഓണറേറിയം എന്നിവയ്ക്കാണ് വിഹിതം വകയിരുത്തുന്നത്. താഴെ പറയും പ്രകാരമാണ് ഫണ്ട് കണ്ടെത്താൻ ഉദ്ദേശിക്കുന്നത്.

| **തദ്ദേശഭരണസ്ഥാപനം** | **എണ്ണം** | **തുക (ലക്ഷം)** |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 68 | **68 x 2** ലക്ഷം = **136.00** |
| മുനിസിപ്പാലിറ്റി | **4** | **4 x 5** ലക്ഷം = **20.00** |
| കോർപ്പറേഷൻ | **1** | **1 x 40 ലക്ഷം** = **40.00** |
| ജില്ലാ പഞ്ചായത്ത് | **1** | **1 x 112 ലക്ഷം** = **112.00** |
| | **ആകെ** | **308.00** |

**തീരുമാനം:-** അനുമതി നൽകുന്നു. ഓരോ തദ്ദേശഭരണസ്ഥാപനവും ഫണ്ടു വകയിരുത്തുന്നതു സംബന്ധിച്ച് ജില്ലാ ആസൂത്രണ സമിതി തലത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരുടെ യോഗം ചേർന്നു തീരുമാനമെടുക്കേണ്ടതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.30 <u>എടവനക്കാട് ഗ്രാമപഞ്ചായത്ത്</u>**

**എടവനക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.08.2021 ലെ A2/5070/20-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.02.2018 ലെ A-1234/18-ാം നമ്പർ കത്തും 02.03.22 ലെ തസ്വഭവ- DA1/318/2018 നമ്പർ സർക്കാർ കത്തും (SRG 400/22)**

എടവനക്കാട് ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ.എൻ.പി. മോഹനൻ (നികത്തുതറ വീട്) എന്നയാളുടെ മകളുടെ വിവാഹത്തിന് 22.02.18 ൽ ഗ്രാമപഞ്ചായത്തിൽ ധനസഹായത്തിനായി അപേക്ഷ നൽകിയിരുന്നു. 2017-18ൽ നിലനിന്നിരുന്ന മാർഗ്ഗരേഖ പ്രകാരം സർക്കാർ ജീവനക്കാരനായിരുന്നതിനാൽ ആനുകൂല്യം നൽകിയില്ല. എന്നാൽ അപേക്ഷകൻ ക്യാൻസർ രോഗിയും സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ആളുമാണ്. പെൻഷൻ ഉൾപ്പെടെ അപേക്ഷ നൽകുന്ന സമയത്ത് 1,52,304/- രൂപയാണ് വാർഷിക വരുമാനം. ഈ ഗുണഭോക്താവിന്റെ മകൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പിതാവു ക്യാൻസർരോഗി ആയതിനാൽ പ്രത്യേക അനുമതി നൽകുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

4.31 <u>ഇടുക്കി ജില്ലാ പഞ്ചായത്ത്</u>

**ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.12.2021 ലെ** A3-3888/10-ാം **നമ്പർ കത്ത് (SRG 423**/22)

ഇടുക്കി ജില്ലാ പഞ്ചായത്തിനു വിട്ടുകിട്ടിയ സ്ഥാപനമാണ് തൊടുപുഴയിൽ പ്രവർത്തിക്കുന്ന കോലാനി ജില്ലാ കോഴിവളർത്തൽ കേന്ദ്രം. ഇവിടെ കോഴി, പന്നി വളർത്തൽ എന്നിവയാണുള്ളത്. ഈ കേന്ദ്രത്തിൽ വെറ്റിനറി സർജന്റെ പോസ്റ്റില്ല. ഫാം അസിസ്റ്റന്റ് ഡയറക്ടർ ഉണ്ട്. ഫാമിലേക്ക് ഒരു വെറ്റിനറി സർജന്റെ തസ്തിക അനുവദിച്ച് ഒരാളെ നിയമിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-** ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം വെറ്റിനറി സർജന്റെ തസ്തിക സൃഷ്ടിക്കുന്നതിന്മേൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ ഡയറക്ടറോടു ശുപാർശ ചെയ്യുന്നു.

**നടപടി :- 1) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്**
**2) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.32 <u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം – സ്കൂൾ ബസുകളുടെ അറ്റകുറ്റപ്പണി.</u>

**പൊതു വിദ്യാഭ്യാസഡയറക്ടറുടെ 11.01.2022 എം4/303027/2021/DGE നമ്പർ കത്തും 12.05.2022 ലെ DB3/118/2022/തസ്വഭവ നമ്പർ സർക്കാർ കത്തും (ഡി.എ1/314/2021 – LSGD SRG 536**/22)

കൊവിഡ് മഹാമാരി മൂലം ഉപയോഗിക്കാതിരുന്ന സ്കൂൾ ബസുകളുടെ അറ്റകുറ്റപ്പണി, ഫിറ്റ്നസ്, പെർമിറ്റ്, ഇൻഷ്വറൻസ് തുടങ്ങിയവ മുടങ്ങികിടക്കുകയാണെന്നും ഇതു പരിഹരിക്കണമെന്നും പൊതു വിദ്യാഭ്യാസ വകുപ്പിന് അപേക്ഷ ലഭിക്കുന്നുണ്ട്. എന്നാൽ ഇതിനാവശ്യമായ ഫണ്ട് വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമല്ല. അതിനാൽ ഇതിനാവശ്യമായ തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിക്കാൻ നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു. പി.റ്റി.എ, സംഭാവന എന്നീ രീതികളിൽ മുഖേന ഇതിനാവശ്യമായ ഫണ്ടു കണ്ടെത്താൻ നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

4.33 <u>മറ്റത്തൂർ ഗ്രാമപഞ്ചായത്ത്</u>

**മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 26.02.2022 ലെ കത്തും അനുബന്ധരേഖകളും (SRG 399**/22 – **ഡി.എ1/314/2021/ LSGD**)

പീപ്പിൾസ് ഡയറി ഡെവലപ്മെന്റ് പ്രോജക്ട് സെൻട്രൽ സൊസൈറ്റി (**PDDP)** 1955 ലെ ട്രാവൻകൂർ കൊച്ചിൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ സൊസൈറ്റി ആണ്. ഇതിൽ 250ലധികം ക്ഷീരകർഷർ സജീവ അംഗങ്ങൾ ആണെന്നറിയിച്ചിരിക്കുന്നു. ഇവർക്ക് കാലിതീറ്റയ്ക്ക് സബ്സിഡിയടക്കം മറ്റ് ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ല. സർക്കാരിന്റെ ആനുകൂല്യങ്ങൾ ഈ സംഘത്തിൽ പാൽ അളക്കുന്നവർക്ക് നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.34 <u>വയലാർ ഗ്രാമപഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലയിലെ പ്ലാനിംഗ് ഓഫീസറുടെ 08.03.2022 ലെ കത്തും വയലാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.02.2021 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 353/22 – CC/457/21)**

| *പ്രോ.നം: 122/22* | *അടങ്കൽ* | *4,27,572 രൂപ (തനത് ഫണ്ട്)* |
|---|---|---|
| *പേര്* | *വയലാർ ഗവ.ഐറ്റി. ഐക്ക് 2020-21 വർഷത്തെ വാടക നൽകൽ* | |

വയലാർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഗവ.ഐ.റ്റി.ഐ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കളവംകോടം സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്കിന്റെ 7/565 A കെട്ടിടമാണ് ഐ.റ്റി.ഐക്കായി വാടകയ്ക്കെടുത്തിരിക്കുന്നത്. PWD ബിൽഡിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിശ്ചയിച്ചിരിക്കുന്ന പ്രകാരം പ്രതിമാസ വാടക 35,631 ആണ്. ഒരു വർഷം ആകെ 4,27,572 രൂപ. ഗ്രാമപഞ്ചായത്തിനു കൈമാറാത്ത സ്ഥാപനമായതിനാൽ വാടക നൽകാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 1) അനുമതി നിരസിച്ചു.

2) 18.12.21 ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ 2021-22 വർഷം കൂടി മാത്രം വാടക നൽകാൻ അനുമതി നൽകിയിരുന്നു. ഐ.റ്റി.ഐ കെട്ടിടത്തിന്റെ വാടക ഇനി മുതൽ വകുപ്പ് തന്നെ നൽകണമെന്നും ഇതിനാവശ്യമായ നടപടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഐ.റ്റി.ഐ പ്രിൻസിപ്പലും സ്വീകരിക്കണമെന്നും 18.12.2021-ലെ കോഓർഡിഷൻ കമ്മിറ്റി നിർദ്ദേശം നൽകിയിരുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4.35 <u>മണക്കാട് ഗ്രാമപഞ്ചായത്ത്</u>**

**മണക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16.02.2022 - ലെ** A3-2021-22-**ാം നമ്പർ കത്തും മണക്കാട് ഗ്രാമപഞ്ചായത്തിന്റെ 27.01.2022 ലെ 5(2)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 387/22 )**

കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായ ഭവന സന്ദർശനം, മഴക്കാല പൂർവ്വരോഗത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനം തുടങ്ങിയവ ആരോഗ്യ മേഖലയിലെ ആശാവർക്കർമാർ ചെയ്യുണ്ട്. ഇത്തരം കാലഘട്ടങ്ങളിൽ ആശാപ്രവർത്തകർക്ക് ഒരു നിശ്ചിത തുക യാത്രാബത്തയായി നൽകുന്നതിന് 2022-23 വർഷം പ്രോജക്ട് രൂപീകരിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** അനുമതി നിരസിച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.36 <u>തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്</u>**

**തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.03.2022 ലെ E7/4183/21/TDP നമ്പർ കത്ത് (SRG 389/22 )**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മണ്ണന്തല സർക്കാർ കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, ജില്ലയിലെ 7 ഗവ.ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ഡിസൈനിംഗ് സ്ഥാപനങ്ങൾ എന്നിവയുടെ നടത്തിപ്പ് ജില്ലാ പഞ്ചായത്തിനു കൈമാറിയിട്ടുള്ളതാണ്. ഈ സ്ഥാപനങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾക്കുള്ള പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ നിലവിൽ ജില്ലാ പഞ്ചായത്തു സെക്രട്ടറിയാണ്. ഈ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ സുഗമവും ഫലപ്രദവുമായ നടത്തിപ്പിനായി ഈ സ്ഥാപനങ്ങളുടെ മേധാവിമാരെ നിർവ്വഹണ ഉദ്യോഗസ്ഥരാക്കുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

2022-23 മുതൽ ജില്ലാ പഞ്ചായത്തിനു കീഴിലുള്ള 7 ജി.ഐ.എഫ്.ഡി. സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി സൂപ്രണ്ട്, ഗവ.ടെക്നിക്കൽ ഹൈസ്കൂൾ, മഞ്ച, നെടുമങ്ങാട്-നെയും മണ്ണന്തല ഗവ.കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി സൂപ്രണ്ട്, ഗവ.കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണന്തലയേയും നിയോഗിക്കണമെന്നാണ് ആവശ്യം.

**തീരുമാനം:-** അനുമതി നൽകുന്നു. ഇവർക്ക് DDO കോഡ് അനുവദിക്കുന്നതിന് വിശദാംശം സഹിതം <u>പഞ്ചായത്തു</u> ഡയറക്ടർ മുഖേന ധനവകുപ്പിനു നൽകണം.

**നടപടി :- 1) പഞ്ചായത്ത് ഡയറക്ടർ**

**2)ധനവകുപ്പ്**

**3)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.37 <u>വടക്കൻ പറവൂർ മുനിസിപ്പാലിറ്റി</u>**

**വടക്കൻ പറവൂർ മുനിസിപ്പൽ ചെയർപേഴ്സന്റെ 10.05.2022 ലെ കത്ത് (SRG 555/22)**

നഗരസഭയിലെ ടൗൺഹാളിൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിന് ഒരു പ്രോജക്ട് 2017-18 വർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനായി 10,64,875 രൂപ PWD ഇലക്ട്രോണിക്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 08.03.2019 ൽ ഡിപ്പോസിറ്റ് ചെയ്തു. ഹെഡ് ഓഫ് അക്കൗണ്ട് മാറിപ്പോയതിനാൽ തുക വീണ്ടും ശരിയായ ഹെഡിലേക്ക് മാറ്റി ട്രാൻസ്ഫർ ചെയ്തത് 20.02.2022 നാണ്. കൊവിഡ് പശ്ചാത്തലത്തിൽ 28.09.2020 മുതൽ 01.10.2021 വരെ ടൗൺഹാൾ CFLTC ക്കായി വിട്ടു നൽകി. അതിനാൽ സൗണ്ട് സിസ്റ്റം സ്ഥാപിക്കാൻ കഴിഞ്ഞില്ല. കാലതാമസം വന്നതിനാൽ അധിക തുക നൽകാമെന്ന് മുനിസിപ്പാലിറ്റിയിൽ നിന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിരുന്നു. എന്നാൽ ഉപകരണങ്ങളുടെ പ്രൈസ് വാല്യു ഉയർന്നതിനാൽ

പ്രോജക്ട് നിർവ്വഹണം സാധിക്കുകയില്ലെന്നറിയിച്ചുകൊണ്ട് പ്രവൃത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ ടെർമിനേറ്റ് ചെയ്തു.

ഈ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നു തിരികെ വാങ്ങി ടൗൺഹാളിന്റെ മറ്റു പുനരുദ്ധാരണപ്രവൃത്തികൾക്ക് ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. PWD ഇലക്ട്രോണിക്സ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അടച്ച തുകയിൽ 10,41,079 രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റും ബാക്കി തുക വികസനഫണ്ട് ജനറലും ആണെന്ന് മുനിസിപ്പൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**തീരുമാനം:-** 1) അധിക തുക കൂടി ഉൾപ്പെടുത്തി 2017-18 ൽ പ്രോജക്ട് തയ്യാറാക്കിയ പ്രകാരം സൗണ്ട് സിസ്റ്റം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.38 <u>ഇന്ദിരാ പ്ലാസ്റ്റിക് വ്യവസായ സഹകരണസംഘം – ഏറ്റുമാനൂർ</u>**

**ഇന്ദിര പ്ലാസ്റ്റിക് വ്യവസായ സഹകരണ സംഘം, ഏറ്റുമാനൂർ പ്രസിഡന്റിന്റെ കത്ത് – ലഭിച്ചത് 23.02.2022 (SRG 323/22)**

ഏറ്റുമാനൂരുള്ള ഇന്ദിരാ പ്ലാസ്റ്റിക് വ്യവസായ സഹകരണ സംഘം ഹൈ ഡെൻസിറ്റി പോളി എത്തിലിൻ **(HDPE)** ഗ്രാന്യൂൾസ് ഉപയോഗിച്ച് പ്ലാസ്റ്റിക് നൂൽ ഉല്പാദിപ്പിച്ച് അരിപ്പ, നെറ്റ്, കിണർ വലകൾ, മൊസ്കിറ്റോ പ്രൂഫിംഗിനുള്ള കറുത്ത നെറ്റ്, പ്ലാസ്റ്റിക് കയർ, പ്ലാസ്റ്റിക് ഷീറ്റ് തുടങ്ങിയവ ഉല്പാദിപ്പിക്കുന്നുണ്ട്. കിണറുകൾ മാലിന്യ മുക്തമായി സംരക്ഷിക്കുന്നതിന് കിണർ വലകൾ ഇടുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രോജക്ട് എടുക്കണമെന്നും ഇതിനായി ഈ സംഘത്തിന്റെ ഉൽപന്നം ഉപയോഗിക്കണമെന്നും നിർദ്ദേശം നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം:-** കിണർ വല നൽകുന്ന പരിപാടി മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നു യോഗം നിരീക്ഷിച്ചു. അതിനാൽ ആവശ്യം തല്ക്കാലം പരിഗണിച്ചില്ല.

**നടപടി :- തദ്ദേശസ്വയംഭരണ (ഇ.പി.എ) വകുപ്പ്**

**4.39 <u>തവനൂർ ഗ്രാമപഞ്ചായത്ത്</u>**

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.04.2022 ലെ കത്തും തവനൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.03.2022 ലെ 1(19)-ാം നമ്പർ തീരുമാനവും (SRG 462/22** – CC/260/2022**)**

| | | |
|---|---|---|
| *പ്രോ.നം: 228/22* | *അടങ്കൽ* | *75,000 രൂപ (തനത്ഫണ്ട്)* |
| *പേര്* | *ഓൺലൈൻ മുഖേന ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ – സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള ചെലവ്.* | |

ജനകീയാസൂത്രണ പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സോഫ്റ്റ് വെയർ തയ്യാറാക്കാനുള്ള പ്രോജക്ട് നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിക്കു നൽകി. 02.12.2021

ൽ കൂടിയ കമ്മിറ്റി ഇതിന്റെ ടെക്നിക്കൽ ഫീസിബിലിറ്റി നൽകാൻ ഐ.കെ.എം ജില്ലാ കോഓർഡിനേറ്ററോടാവശ്യപ്പെട്ടു. ഈ സോഫ്റ്റ് വെയറിന്റെ കാര്യക്ഷമത പരിശോധിക്കാൻ ജില്ലാതലത്തിൽ സൗകര്യമില്ലെന്നും അതിനാൽ പരിഗണനക്കായി അപ്പലേറ്റ് കമ്മിറ്റിക്ക് നൽകണമെന്നും ഐ.കെ.എം ജില്ലാ കോഓർഡിനേറ്റർ അറിയിച്ചു. കൊവിഡ്-19 ന്റെ പശ്ചാത്തലത്തിൽ പ്രോജക്ട് നടപ്പാക്കി ഇതിന് സാധൂകരണം നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം:-**

1) ആവശ്യം നിരസിച്ചു.
2) ജില്ലാ ആസൂത്രണ സമിതിയും നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിയും അംഗീകാരം നൽകാത്ത ഒരു പ്രോജക്ടു നടപ്പാക്കിയത് ക്രമവിരുദ്ധമാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.40 <u>നാദാപുരം ഗ്രാമപഞ്ചായത്ത്</u>**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.04.2022 ലെ കത്ത് (SRG 483/22 – CC/289/2021)**

| | | |
|---|---|---|
| *പ്രോ.നം: 142/22* | *അടങ്കൽ* | *5,00,000 രൂപ (വികസനഫണ്ട് ജനറൽ)* |
| *പേര്* | *ഹൈമാസ്റ്റ് ലൈറ്റ് വാങ്ങൽ* | |

ഹൈമാസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് 2018-19 ൽ ഉൾപ്പെടുത്തിയിരുന്നു. 2019-20 ൽ ഇതു പൂർത്തീകരിച്ചു. സാങ്കേതികാനുമതി കൂടാതെയാണ് പ്രോജക്ട് നടപ്പാക്കിയത്. ഒപ്പം ഇതിന് ഗുണനിലവാര സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. അതിനാൽ ബിൽതുക നൽകാൻ കഴിയുന്നില്ല. നാദാപുരം താലൂക്കാശുപത്രി കോമ്പൗണ്ടിലും കല്ലാച്ചി പഴയ മാർക്കറ്റ് ജീപ്പ് സ്റ്റാന്റിനു സമീപവുമാണ് ലൈറ്റ് സ്ഥാപിച്ചത്. ടെണ്ടർ നടപടിക്രമം പാലിച്ച് പവർലൈൻ ഏജൻസീസ്, കോഴിക്കോട് എന്ന സ്ഥാപനത്തെയാണ് പ്രവൃത്തി ഏല്പിച്ചത്. ലൈറ്റ് സ്ഥാപിക്കാൻ PWD റോഡ് ഡിവിഷൻ, KWA, BSNL, KSEB എന്നിവർക്കെല്ലാം NOC ക്കായി കത്തു നൽകിയെങ്കിലും ഇത് ലഭിച്ചില്ല. പ്രവൃത്തി ചെയ്ത ഏജൻസി ബിൽ തുക ലഭിക്കാൻ നിയമ നടപടിക്ക് ഒരുങ്ങുന്നു എന്ന് അറിയിച്ചിട്ടുണ്ട്. ബിൽ തുക നൽകി പ്രശ്നം പരിഹരിക്കാൻ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-**

1) സാങ്കേതികാനുമതി, ഗുണനിലവാര പരിശോധന റിപ്പോർട്ട്, ബന്ധപ്പെട്ട വകുപ്പ് / ഏജൻസിയുടെ NOC എന്നിവ ഇല്ലാതെ പ്രോജക്ട് നടപ്പാക്കിയത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.
2) ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കും.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

### 4.41 തിരുവനന്തപുരം കോർപ്പറേഷൻ

**ബഹു.തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 19.04.2022 ലെ J1/7624/21-ാം നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.03.2022 ലെ (ഖണ്ഡിക 4.83) തീരുമാനവും (SRG 558/22 – LSGD – DC2/136/2022-LSGD)**

തിരുവനന്തപുരം കോർപ്പറേഷനിൽ വിവിധ സോണൽ ഓഫീസുകളിലേക്ക് തപാൽ നൽകുന്നതിനും ഫീൽഡ് പരിശോധനക്കുമായി 30 ഗിയർലെസ് സ്കൂട്ടർ വാങ്ങാൻ അനുമതി നൽകണമെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. 11.03.2022 ൽ കൂടിയ കോഓർഡിനേഷൻ കമ്മറ്റി ഇതു ചർച്ച ചെയ്തെങ്കിലും ഇതിനുള്ള അനുമതി നിരസിച്ചു. ഇതു പുനഃപരിശോധിക്കുകയോ അല്ലെങ്കിൽ കോർപ്പറേഷന്റെ തനതു ഫണ്ടുപയോഗിച്ചു ഇരുചക്രവാഹനം വാങ്ങാൻ അനുമതി നൽകുകയോ ചെയ്യണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനയ്ക്ക് നൽകിയിട്ടില്ല എന്നു യോഗം വിലയിരുത്തി. അതിനാൽ പരിഗണിച്ചില്ല. ജില്ലാ ആസൂത്രണ സമിതിയുടെ പരിഗണനയ്ക്ക നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി)) വകുപ്പ്**

### 4.42 കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്

(i) **എറണാകുളം ജില്ലാ കളക്ടറുടെ 01.07.2022 ലെ 104276/22/DPC/DPO/EKMനമ്പർ കത്തും കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28.06.2022 ലെ കത്തും WP(c) 11229 of 2022 (c) നമ്പർ പ്രകാരമുള്ള റിട്ട് പെറ്റിഷനിന്മേൽ 05.04.2022, 29.06.2022 തീയതികളിൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവും.**

(ii) **എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.01.2022 ലെ കത്തുകളും (2 എണ്ണം) കിഴക്കമ്പലം ഗ്രാമപഞ്ചായത്തു ഭരണസമിതിയുടെ 27.12.21 ലെ 2(1)-ാം നമ്പർ തീരുമാനവും തദ്ദേശസ്വയംഭരണ വകുപ്പ് എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 18.12.21 ലെ DB3/ജനറൽ/ 2020-21-ാം നമ്പർ കത്തും റിപ്പോർട്ടും.**

(iii) **10.02.2022** ലെ CC **യോഗത്തിന്റെ മിനിറ്റ്സ് (ഖണ്ഡിക 4.4, 4.5)** (SRG 49/21 - CC - 708/2021 SRG 50/22 - CC 707/2021).

| (1) | | | |
|---|---|---|---|
| | *പ്രോ.നം: 147/22* | *അടങ്കൽ* | *25,11,113 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)* |
| | *പേര്* | *മാളിയേക്കൽപ്പടി പഴങ്ങനാട് റോഡ് പുനരുദ്ധാരണം വാർഡ് 16 - (BM & BC)* | |

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഉപയോഗിച്ച് BM & BC നിലവാരത്തിൽ മാളിയേക്കൽപ്പടി പഴങ്ങനാട്ടു റോഡ് പുനരുദ്ധാരണത്തിനുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| (2) | പ്രോ.നം: 140/22 | അടങ്കൽ | 67,42,380 രൂപ |
|---|---|---|---|
| | | മെയിന്റനൻസ് ഫണ്ട് – റോഡ് | 47,13,900 |
| | | തനത് ഫണ്ട് | 20,28,480 |
| | പേര് | തൈക്കാവ് ചൂരക്കോട്ട റോഡ് പുനരുദ്ധാരണം സെക്കന്റ് റീച്ച് വാർഡ് 5 (BM & BC) | |

മെയിന്റനൻസ് ഗ്രാന്റും (റോഡ്) തനതുഫണ്ടും ഉപോഗിച്ച് BM & BC നിലവാരത്തിൽ തൈക്കാവ് ചൂരക്കോട് റോഡ് പുനരുദ്ധാരണത്തിനുള്ള ഈ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

ഈ റോഡുകൾ BM & BC നിലവാരത്തിൽ പുനരുദ്ധാരണം (നിർമ്മാണം) നടത്തുന്നതിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഹിതം ഉപയോഗിക്കാവുന്നതല്ല എന്നു ചൂണ്ടിക്കാണിച്ച് 10.02.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗം ഇതിന് അനുമതി നിരസിച്ചു. കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്മേൽ കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഹു. ഹൈക്കോടതിയിൽ **WP(C) No.11229 of 2022 (C)** നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 10.02.2022 ലെ കോഓർഡിനേഷൻ കമ്മിറ്റിയോഗതീരുമാനത്തിലെ ഖണ്ഡിക 4.4, 4.5 തീരുമാനങ്ങൾ (മുകളിൽ പറഞ്ഞ റോഡുകളിന്മേൽ) ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവിലൂടെ 5.4.2022 ൽ രണ്ടു മാസത്തേക്ക് സ്റ്റേ ചെയ്തു. തുടർന്ന് 29.06.2022 ൽ രണ്ടു മാസം കൂടി സ്റ്റേ ദീർഘിപ്പിച്ചുകൊണ്ട് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. ഒപ്പം തദ്ദേശസ്വയംഭരണവകുപ്പ് എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനം 3 ആഴ്ചയ്ക്കകം എടുക്കണമെന്നും ബഹു.ഹൈകോടതി ഉത്തരവായിട്ടുണ്ട്.

ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുകളിൽ പറഞ്ഞ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് അനുകൂല തീരുമാനമെടുക്കണമെന്ന സംബന്ധിച്ച്.

**തീരുമാനം:–** എറണാകുളം തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ ഈ പ്രോജക്ടുകൾ തനത്ഫണ്ട്, വികസനഫണ്ട് (ജനറൽ) ധനകാര്യകമ്മീഷൻ ഗ്രാന്റ് **(Untied)** എന്നീ വിഹിതം ഉപയോഗിച്ച് നടപ്പാക്കാൻ അനുമതി നൽകുന്നു.

**നടപടി :– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.43 <u>തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം – ടെണ്ടർ എക്സസ് സംബന്ധിച്ച്</u> തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.06.2022 ലെ** DB3/5215/2013/CE/LSGD **നമ്പർ കത്ത് (SRG 646/22, 682/22)**

തദ്ദേശഭരണവകുപ്പ മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികളുടേയും കുടിവെള്ള പ്രവൃത്തികളുടേയും ടെണ്ടർ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നുണ്ട്. സാധന

സാമഗ്രികളുടെ അടിക്കടിയുണ്ടാകുന്ന വില വർദ്ധനവും ഓരോ പ്രദേശത്തെ ഭൂപ്രകൃതി മൂലമുള്ള ബുദ്ധിമുട്ടുകളും പരിഗണിച്ച് നിലവിലെ DSR നിരക്കിൽ 10 ശതമാനം വരെ ഉദ്യോഗസ്ഥ തലത്തിൽ ടെണ്ടർ എക്സസ് അനുവദിക്കുന്നത് സംബന്ധിച്ച് ധനവകുപ്പ് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ധനവകുപ്പിന്റെ മാർഗ്ഗരേഖയ്ക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾക്ക് ഉദ്യോഗസ്ഥതലത്തിൽ 10 ശതമാനം വരെ ടെണ്ടർ എക്സസ് അനുവദിക്കണമെന്നു സംബന്ധിച്ച്. ഈ തുക പ്രവർത്തിയുടെ എസ്റ്റിമേറ്റിൽ തന്നെ വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ചെലവാകാതെ വരുന്ന തുക ടെണ്ടർ സേവിംഗ്സ് ആയി പരിഗണിച്ച് പുതിയ പ്രോജക്ടുകൾ തയ്യാറാക്കാൻ ഉപയോഗിക്കാവുന്നതാണെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**തീരുമാനം:-** ധനവകുപ്പിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കും കുടിവെള്ള പ്രവൃത്തികൾക്കും 10 ശതമാനം വരെ ടെണ്ടർ എക്സസ് അനുവദിക്കാൻ തീരുമാനിച്ചു. ഇതിന്റെ കരട് മാർഗ്ഗരേഖ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പിൽ നൽകണം.

**നടപടി :- 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.44 <u>തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം</u>**

**തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07.07.2022 - ലെ DB3/753/2013/CE/LSGD (Part C - SRG 678/22)**

എഞ്ചിനീയർമാരുടെ ആവശ്യത്തിന് മാനദണ്ഡങ്ങൾ പാലിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകളിലും വാഹനം വാടകയ്ക്ക് എടുക്കുന്നതിനും, എഞ്ചിനീയർമാർക്ക് വാഹനം ഇല്ലാത്ത നഗരസഭകൾക്കും, ജില്ലാ പഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്കും, നിലവിലുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് വാഹനം വാങ്ങുന്നതിനും 14.03.2018 ലെ 690/18/തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി അവലോകനയോഗങ്ങളിൽ വാഹനലഭ്യത കുറവ് മൂലം പദ്ധതി നിർവ്വഹണത്തിൽ ഒട്ടേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി എഞ്ചിനീയർമാർ അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വാഹനലഭ്യത സംബന്ധിച്ച ഒരു ഡേറ്റ കളക്ഷൻ നടത്തിയിരുന്നു. ഇതനുസരിച്ച് 541 തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് വാഹനസൗകര്യമില്ല. ഇതിൽ തന്നെ 262 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം വാഹനസൗകര്യം ലഭ്യമാക്കാൻ കഴിയില്ല. പുതിയ ആസൂത്രണ/സബ്സിഡി മാർഗ്ഗരേഖ പ്രകാരം തനത്/വികസനഫണ്ട് (പൊതു വിഭാഗം, സാധാരണ വിഹിതം) ആണ് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതിയുള്ളത്. ഈ ഫണ്ടിൽ നിന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വാഹന സൗകര്യത്തിനായി പദ്ധതികൾ വയ്ക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വിമുഖത കാട്ടുന്നുണ്ട്. മുൻകാലങ്ങളിൽ തനതുഫണ്ടിന്റെ

ലഭ്യത കുറവുള്ള ഗ്രാമപഞ്ചായത്തുകളിൽ നോൺ റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതിയുണ്ടായിരുന്നു. (02.08.2019 ലെ **LSGD/DB3/141/2019/LSGD** നമ്പർ സർക്കുലർ). കൂടാതെ 2017 നു ശേഷം രജിസ്റ്റർ ചെയ്ത വാഹനമായിരിക്കണമെന്ന മാർഗ്ഗരേഖയിലെ നിബന്ധനയും, അനുവദിച്ചിട്ടുള്ള നിരക്ക് **Rs.18/km** (ശരാശരി) എന്നതും വാഹനം ലഭിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. വിസ്തൃതി കൂടിയതും, വ്യത്യസ്ത ഭൂപ്രദേശം ഉള്ളതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരമുള്ള പരിധികൾ (**km &** തുക) വാഹനലഭ്യതയ്ക്ക് പ്രയാസകരമാണ്. അതിനാൽ മേൽവിവരിച്ച വിഷയങ്ങളിൽ ആവശ്യമായ ഇളവുകൾ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ കൂടി സാന്നിദ്ധ്യത്തിൽ പിന്നീട് പരിഗണിക്കാൻ മാറ്റി വച്ചു.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

**4.45 <u>ശുചിത്വമിഷൻ – ഖരമാലിന്യ സംസ്കരണ സംവിധാനം</u>**

**ശുചിത്വമിഷന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 02.07.2022 ലെ 1974/**C2/2022/SM **നമ്പർ കത്ത് (SRG 662/22).**

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി – ധനസഹായം സംബന്ധിച്ച മാർഗ്ഗരേഖ 28.05.2022 ലെ 115/2022/തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ അനുബന്ധം 3 ആയി ചേർത്തിരിക്കുന്ന ഗാർഹികതല ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ യൂണിറ്റ് ചെലവ് എന്ന പട്ടികയിൽ ശുചിത്വമിഷൻ അംഗീകരിച്ചിട്ടുള്ള **"**ബൊക്കാഷി ബക്കറ്റ്**"** എന്ന ഖരമാലിന്യ സംസ്കരണ സംവിധാനം ഉൾപ്പെടുത്തിയിട്ടില്ല. ഇതു കൂടി ഉൾപ്പെടുത്തണമെന്ന് ഈ ഉല്പന്നത്തിന്റെ നിർമ്മാതാക്കൾ അറിയിച്ചിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖയിൽ അനുബന്ധം 3 ആയി ചേർത്തിരിക്കുന്ന പട്ടിക അപൂർണ്ണമാണെന്ന് ചൂണ്ടികാണിച്ച് ഈ പട്ടിക ഒഴിവാക്കണമെന്നും ഇതിനു പകരം ശുചിത്വമിഷൻ/ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഉപാധികൾ, സ്റ്റാന്റേർഡ്, സ്പെസിഫിക്കേഷൻ, യൂണിറ്റ് നിരക്ക് എന്നിവ പ്രകാരമായിരിക്കണം പ്രോജക്ട് നടപ്പാക്കേണ്ടതെന്ന നിബന്ധന ഉൾപ്പെടുത്തണമെന്നുമുള്ള ആവശ്യം സംബന്ധിച്ച്.

**തീരുമാനം:-**

1) ഇപ്പോഴത്തെ ലിസ്റ്റിനോടൊപ്പം 'ബൊക്കാഷി ബക്കറ്റ്' എന്ന ഖര മാലിന്യസംസ്കരണ സംവിധാനം കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഒപ്പം കാലാകാലങ്ങളിൽ ശുചിത്വമിഷൻ അംഗീകരിക്കുന്ന ഏജൻസികളിൽ നിന്ന് ഉപകരണങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ്. ഒപ്പം ശുചിത്വമിഷൻ ഒഴിവാക്കുന്ന യൂണിറ്റുകളിൽ നിന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ വാങ്ങാവുന്നതല്ല. കൂടാതെ കാലാകാലങ്ങളിൽ ശുചിത്വമിഷൻ നിശ്ചയിക്കുന്ന വില, നിബന്ധനകൾ എന്നിവ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ബാധകമായിരിക്കും. ഈ വിവരങ്ങൾ

അപ്പോൾ കൃത്യമായി തദ്ദേശഭരണ സ്ഥാപനങ്ങളെ ശുചിത്വമിഷൻ അറിയിക്കണം.

2) ബൊക്കാഷി ബക്കറ്റിന്റെ വിലയടക്കം വിശദാംശങ്ങൾ ശുചിത്വമിഷൻ നൽകണം.

**നടപടി :- 1) എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.46 <u>ജില്ലാ മെഡിക്കൽ ഓഫീസർ – കോട്ടയം</u>**

**കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ 19.07.2022 ലെ 12749/2020–ാാം നമ്പർകത്ത് (SRG 702/22)**

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും വനിതകൾക്കായി മെൻസ്ട്രുവൽകപ്പ് വാങ്ങി നൽകാൻ അനുമതിയുണ്ട്. ഇതിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ആശുപത്രിയിലെ മെഡിക്കൽ ഓഫീസറാണ്. മെൻസ്ട്രുവൽ കപ്പ് പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റെക്സ് ലിമിറ്റഡിൽ നിന്ന് ടെണ്ടർ / ക്വട്ടേഷൻ ഒഴിവാക്കി വാങ്ങാൻ സാധിക്കുമോ അതോ വനിതാശിശു വികസന കോർപ്പറേഷനിൽ നിന്നു തന്നെ വാങ്ങണമോ എന്ന് വ്യക്തത വരുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 1) HLL പൊതുമേഖലാസ്ഥാപനമായതിനാലും മെൻസ്ട്രുവൽ കപ്പ് ഉല്പാദിപ്പിക്കുന്നുണ്ട് എന്നതിനാലും ടെണ്ടർ/ ക്വട്ടേഷൻ ഒഴിവാക്കി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മെൻസ്ട്രുവൽ കപ്പ് HLL ൽ നിന്നു വാങ്ങാൻ അനുമതി നൽകുന്നു. ഒപ്പം വനിതാ വികസന കോർപ്പറേഷനിൽ നിന്നും ടെണ്ടർ /ക്വട്ടേഷൻ കൂടാതെ വാങ്ങാവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.47 <u>കണ്ണൂർ ജില്ലാ ആസൂത്രണ സമിതി</u>**

**കണ്ണൂർ ജില്ലാ കളക്ടറുടെ 13.07.2022 ലെ 444/2022/DPC/DPO/KNR നമ്പർ കത്ത് (SRG 685/22).**

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം റോഡ് മെയിന്റനൻസ് ഫണ്ട് പുതിയ റോഡു നിർമ്മാണത്തിനായി വിനിയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതിയ റോഡ് നിർമ്മാണം എന്നതിൽ പുതിയ ടാറിംഗ് പ്രവൃത്തിയും ഉൾപ്പെടുമോ എന്ന് വ്യക്തത കുറവുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ആസ്തിയിൽ ഉൾപ്പെട്ട റോഡുകളുടെ പുതിയ ടാറിംഗ് പ്രവർത്തികൾക്ക് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാമോ എന്നതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** മെയിന്റനൻസ് ഗ്രാന്റിന്റെ (റോഡും നോൺറോഡും) ഉപയോഗമടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനമെടുത്തതിനു ശേഷം വ്യക്തത വരുത്തുന്നതാണ്.

**നടപടി :- 1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്**
**2)തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

**4.48 <u>രായമംഗലം ഗ്രാമപഞ്ചായത്ത്</u>**
**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.06.2022, 01.06.2022 എന്നീ തീയതികളിലെ -കത്തുകൾ (2എണ്ണം) രായമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.04.2022 ലെ** A3/501/22-**ാം നമ്പർ കത്തും രായമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 18.03.2022 ലെ 18(1)-ാം നമ്പർ തീരുമാനവും അനുബന്ധരേഖകളും (SRG 582/22-CC/294/2022).**

രായമംഗലം ഗ്രാമപഞ്ചായത്തിലെ കീഴില്ലം, പുല്ലുവഴി മേഖലകളിൽ പെരിയാർ വാലി കനാലുകൾ ഉള്ളതിനാൽ വർഷത്തിൽ എല്ലാ സമയവും ജലസമ്പന്നമാണ്. ഈ പ്രദേശത്ത് 1.89 ഹെക്ടർ പ്രദേശത്തായുള്ള ചെങ്ങൻചിറയും സമീപത്തെ ഭൂമിയും (സർവ്വേ നമ്പർ 333/1) ഗ്രാമപഞ്ചായത്തിന്റേതാണ്. ഇവിടെ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനമായ ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ചിന്റെ ഘടകസ്ഥാപനമായ നാഷണൽ ബ്യൂറോ ഫോർ ഫിഷറീസ് ജനറ്റിക് റിസർച്ച് **(NBFGR)** എന്ന സ്ഥാപനം **Acqua Culture Technology and Skill Development Centre (ATSDC)** ആരംഭിക്കാൻ സന്നദ്ധത ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ഇവിടെ ഗവേഷണ നൈപുണ്യ കേന്ദ്രം ആരംഭിക്കുന്നതിന് കുറഞ്ഞത് 33 വർഷത്തേക്കെങ്കിലും സ്ഥലം വാടക രഹിതമായി (വകുപ്പുതല നടപടി ക്രമങ്ങൾ പാലിച്ച്) **NBFGR**-ന് വിട്ടു നൽകണം. രായമംഗലം ഗ്രാമപഞ്ചായത്തും സംസ്ഥാന സർക്കാരും നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി സ്ഥലം സൗജന്യമായി വിട്ടു നൽകാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്. ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട പ്രദേശമല്ലെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**തീരുമാനം:-**
1) അനുമതി നൽകുന്നു
2) സർക്കാരിന്റെ ഭാഗത്തു നിന്ന് വ്യവസ്ഥകൾ നിശ്ചയിക്കേണ്ടതുണ്ടെങ്കിൽ അതു കൂടി പരിഗണിച്ച് കാലതാമസം കൂടാതെ നടപടിക്രമം പൂർത്തിയാക്കാൻ പഞ്ചായത്തു ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി :- 1) പഞ്ചായത്തു ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ്**

**4.49 <u>കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി (KREWS)</u>**

**കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി ചെയർമാന്റെ 02.07.2022 ലെ കത്ത് (2 എണ്ണം)** (SRG 638/22, SRG 683/22 – LSGD DA1/186/22 – LSGD)

തദ്ദേശഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ക്രൂസിന്റെ പ്രവർത്തനങ്ങൾ താഴെ പറയുന്ന മേഖലയിൽ കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതുവഴി കൂടുതൽ ആളുകൾക്ക് തൊഴിൽ സൃഷ്ടിക്കാൻ കഴിയുമെന്ന് ചൂണ്ടികാണിച്ചുകൊണ്ട് ഈ പദ്ധതി നടത്തുന്നതിനുള്ള അംഗീകൃത ഏജൻസിയായി **(**അക്രഡിറ്റഡ് ഏജൻസി) നിശ്ചയിക്കണമെന്നറിയിച്ചിരിക്കുന്നു.

i. <u>Animal Birth Control (ABC) Programme</u>

വർദ്ധിച്ചുവരുന്ന തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ എ.ബി.സി പദ്ധതി നടപ്പാക്കുന്നുണ്ട്. ക്രൂസിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ എ.ബി.സി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ബ്ലോക്കു തലത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഒരുക്കുന്ന അടിസ്ഥാന സൗകര്യമുപയോഗിച്ച് ക്രൂസ് നിയമിക്കുന്നവരാണ് എ.ബി.സി പദ്ധതി നടപ്പാക്കുന്നത്. ക്രൂസ് തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം ഒരു നായക്ക് 2600 രൂപ ഇതിനായി ചെലവാകും. ഈ പദ്ധതി നടപ്പാക്കാനായി ക്രൂസിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** പൊതു തീരുമാനം ഖണ്ഡിക 2 (iii) ൽ പറയുന്ന മാനദണ്ഡം പാലിച്ച് ക്രൂസിന് എ.ബി.സി പദ്ധതിയിൽ പങ്കാളിയാകുന്നതിന് മാനദണ്ഡപ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ/ഐ.ബി )വകുപ്പ്**

ii. **<u>ഫർണിച്ചർ നിർമ്മാണ യൂണിറ്റ്</u>**

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമായ ഫർണിച്ചർ, വൃദ്ധജനങ്ങൾക്ക് കട്ടിൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം, മത്സ്യതൊഴിലാളി കുടുംബത്തിലെ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് ഒരു യൂണിറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ യൂണിറ്റ് തുടങ്ങി ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത ഏജൻസിയായി ക്രൂസിനെ നിശ്ചയിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഫർണിച്ചറടക്കമുള്ള സാധനങ്ങളുടെ നിർമ്മാണ യൂണിറ്റ് ക്രൂസിന് ആരംഭിക്കാവുന്നതാണ്. യൂണിറ്റ് ആരംഭിച്ചതിനുശേഷം പ്രവർത്തന മികവ് നോക്കി അക്രഡിറ്റേഷൻ നൽകുന്നത് പരിഗണിക്കുന്നതാണ്. അതുവരെ നടപടി ക്രമങ്ങൾ പാലിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ക്രൂസിൽ നിന്ന് ഫർണിച്ചറുകൾ വാങ്ങാവുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ/ഐ.ബി) വകുപ്പ്**

iii. **ആയുർവേദ ഔഷധ നിർമ്മാണ യൂണിറ്റ്**

ക്രൂസ് ഒരു ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കൊല്ലം ജില്ലയിൽ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് 50 സെന്റ് സ്ഥലം ഇതിനായി ലീസിനു വിട്ടു നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. ഈ യൂണിറ്റ് ആരംഭിക്കാൻ അനുവാദം നൽകണമെന്നും ആയുർവേദ ഔഷധങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത ഏജൻസിയായി ക്രൂസിനെ നിശ്ചയിക്കണമെന്നതും സംബന്ധിച്ച്.

**തീരുമാനം:-** ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനു Drug Controller (Ayurveda) യുടെ അനുമതി വാങ്ങേണ്ടതാണ്. ഇതടക്കമുള്ള നടപടിക്രമങ്ങൾ പാലിച്ച് ഔഷധി നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. അംഗീകൃത ഏജൻസിയാക്കണമെന്ന ആവശ്യം യൂണിറ്റ് ആരംഭിച്ചതിനുശേഷം പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ/ഐ.ബി) വകുപ്പ്**

യോഗം ഉച്ചകഴിഞ്ഞ് 2.00 മണിക്ക് അവസാനിച്ചു

**അനുബന്ധം**

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
4. ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
5. ഡയറക്ടർ, നഗരകാര്യ വകുപ്പ്
6. ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
7. അഡീഷണൽ ചീഫ് സെക്രട്ടറി, ധനവകുപ്പ് (പ്രതിനിധി)
8. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ (പ്രതിനിധി)
11. മിഷൻ ഡയറക്ടർ, MGNREGS
12. ഡയറക്ടർ, ശുചിത്വമിഷൻ
13. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
14. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് (പ്രതിനിധി)
15. ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (പ്രതിനിധി)
16. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് (പ്രതിനിധി)
17. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, KSEB (പ്രതിനിധി)
18. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ (പ്രതിനിധി)
19. ഡയറക്ടർ, കൃഷിവകുപ്പ്
20. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് (പ്രതിനിധി)
21. എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ